


വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

# TIMES of AMERICA

2015
ഫെബ്രുവരി

Volume VI Issue 66

Times of America Online Monthly News Journal.
web:**mytimesofamerica.com**

Tel: 267-991-2111
e-mail:**timesofamerica@yahoo.com**


വിചാരലോകം ▶ 3



**ജോർജ് തഴക്കര**

‘മതത്തിന്റെ പേരിലുള്ള അന്തച്ഛിദ്രങ്ങൾ അവസാനിപ്പിച്ചാൽ മാത്രമേ ഇന്ത്യയ്ക്കു പുരോഗതി കൈവരിക്കുവാൻ കഴിയുകയുള്ളുവെന്നതായിരുന്നു ബരാക് ഒബാമയുടെ പ്രസംഗത്തിന്റെ ചുരുക്കം. ‘തിരഞ്ഞെടുക്കുന്ന വിശ്വാസം അനുഷ്ഠിക്കാൻ ഏതു വ്യക്തിക്കും അവകാശമുണ്ട്. ലോകത്തിൽ നാം അന്വേഷിക്കുന്ന സമാധാനം തുടങ്ങുന്നത് മനുഷ്യഹൃദയങ്ങളിലാണ്.’ ഇന്ത്യൻ ഭരണഘടനയിൽ നിന്നും മതേതരത്വവും സോഷ്യലിസവും എടുത്തു മാറ്റണമെന്നതാണ് അതിലൊന്ന്. അതുണ്ടാക്കുന്ന സാമൂഹ്യപ്രശ്നങ്ങളാണ് ഇന്ത്യൻ വളർച്ചയ്ക്കുണ്ടാകുന്ന പ്രധാന തടസ്സമെന്നാണ് ഒബാമയുടെ പ്രസംഗത്തിന്റെ ഉള്ളറവു നൽകുന്ന പാഠം. മഹാത്മജിയുടെ 67-ാം രക്തസാക്ഷിദിനം നൽകുന്ന സന്ദേശമായിരിക്കട്ടെ ഭാരതത്തിന്റെ ഭാവിസന്ദേശം.



## സ്റ്റേറ്റ് സെക്രട്ടറിക്ക് നഗരസഭാധികൃതർ പിഴയിട്ടു



*വാഷിംഗ്ടൺ:* വീടിനു മുന്നിലെ മഞ്ഞ് നീക്കാത്തതിന് അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ജോൺ കെറിക്ക് നഗരസഭാധികൃതർ പിഴയിട്ടു.

കനത്ത മഞ്ഞുവീഴ്ചയെത്തുടർന്ന് ബോസ്റ്റണിലെ പിക്നി സ്ട്രീറ്റിലുള്ള കെറിയുടെ ഔദ്യോഗിക വസതിക്കു മുന്നിൽ അടിഞ്ഞുകൂടിയ മഞ്ഞ് യഥാസമയം നീക്കാത്തതിനാണ് ബോസ്റ്റൺ നഗരസഭാധികൃതർ 60 ഡോളർ പിഴയിട്ടത്. സംഭവം കെറിയുടെ വക്താവ് ഗ്ളെൻ ജോ ൺസൺ സ്ഥിരീകരിച്ചു.

സെക്രട്ടറിയെന്ന സ്ഥാനം പരിഗണിക്കാതെയാണ് നഗരസഭ പിഴചുമത്തിയതെന്നാണ് വക്താവിന്റെ നിലപാടെങ്കിലും ജോൺ കെറിയും സാധാരണക്കാരും ഒരുപോലെയാണെന്നാണ് നഗരസഭാധികൃതരുടെ നിലപാട്. മഞ്ഞുവീഴ്ചയുണ്ടായ സമയത്ത് സ്റ്റേറ്റ് സെക്രട്ടറി ബറാക് ഒബാമയോടൊപ്പം സൗദി സന്ദർശനത്തിലായിരുന്നു.

## രാജി ബ്രാർ കേൺ കൗണ്ടി ഫെയർബോർഡ് ഡയറക്ടർ

കാലിഫോർണിയ: കാലിഫോർണിയ ബേക്കേഴ്സ് ഫീൽഡിൽനിന്നുള്ള രാജി ബ്രാറിനെ (39) കേൺ കൗണ്ടി ഫെയർ ബോർഡ് ഡയറക്ടറായി നിയമിച്ചു. ഡെമോക്രാറ്റിക്ക് പാർട്ടി അംഗമായ രാജിയുടെ നിയമനത്തിനു സെനറ്റിന്റെ അംഗീകാരം ആവശ്യമില്ലെന്നു ഗവർണറുടെ ഓഫീസ് അറിയിച്ചു.

## ജർമനിയുടെ മുൻ പ്രസിഡന്റ് റിച്ചാർഡ് അന്തരിച്ചു

**ജോസ് കുമ്പിളുവേലിൽ**

*ബർലിൻ:* ജർമനിയുടെ മുൻ പ്രസിഡന്റ് റിച്ചാർഡ് ഫൊൺ വൈസേക്കർ അന്തരിച്ചു. ബർലിനിലായിരുന്നു അന്ത്യം. ജർമൻകാരുടെ മനം കവർന്ന വ്യക്തിത്വമായിരുന്നു തൊണ്ണൂറ്റിനാലുകാരനായ വൈസേക്കറിന്റേത്.

രണ്ടാം ലോക മഹായുദ്ധാനന്തരമുള്ള ജർമനിയെ കെട്ടിപ്പെടുക്കുന്നതിൽ മുഖ്യ പങ്കുവഹിച്ചയാളായിരുന്നു ഇദ്ദേഹം. ക്രിസ്ത്യൻ ഡെമോക്രാറ്റിക് യൂണിയൻ പാർട്ടിയുടെ (സിഡിയു) നോമിനിയായിട്ടാണു പ്രസിഡന്റ് സ്ഥാനത്തേക്ക് ഉയർന്നത്. 1984 മുതൽ 1994 വരെ രണ്ടു തവണ വൈസേക്കർ ജർമനിയുടെ പ്രസിഡന്റുസ്ഥാനം അലങ്കരിച്ചു. 1989 നവംബർ 10ന് ബർലിൻ മതിൽ പൊളിച്ചുനീക്കാൻ ഇദ്ദേഹം മുൻപന്തിയിലുണ്ടായിരുന്നു.

ജനഹിതതത്തിനനുസരിച്ചുള്ള പല നല്ലകാര്യങ്ങൾക്കും വൈസേക്കർ അന്നത്തെ ചാൻസലറായിരുന്ന ഹെൽമുട്ട് കോൾ മന്ത്രിസഭയ്ക്ക് ഉപദേശം നൽകിയിരുന്നത് സൽഭരണത്തിനു കാരണമായി.



രാഷ്ട്രപിതാവിന് രാഷ്ട്രത്തിന്റെ ആദരാഞ്ജലി











## കഷണ്ടിക്കും ചികിത്സ



*വാഷിംഗ്ടൺ:* കഷണ്ടിക്കും ചികിത്സയായി. മുടി കിളിർപ്പിക്കാൻ ഫലപ്രദമായ മാർഗം കണ്ടെത്തിയെന്നു ശാസ്ത്രജ്ഞർ. സാൻഫോർഡ്-ബർണാം മെഡിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ധരാണ് ഇതിനു വഴിയൊരുക്കിയത്.

തലയിലെതന്നെ രോമകൂപങ്ങൾ പറിച്ചുവച്ച് തലമുടി വളർത്തുന്നതാണ് നിലവിലുള്ള രീതി. പുതിയ രീതിയിൽ രോമകൂപങ്ങൾ വളർത്തുന്ന കോശങ്ങളെ വിത്തുകോശങ്ങളിൽനിന്നു വളർത്തിയെടുക്കുകയാണ്. ഡെർമൽ പാപില്ല കോശങ്ങൾ എന്നാണ് രോമകൂപങ്ങൾ വളർത്തുന്ന കോശങ്ങൾ അറിയപ്പെടുന്നത്.

രോമവളർച്ച ആവശ്യമുള്ളവരിൽനിന്നുതന്നെ വിവിധ ശരീരഭാഗങ്ങളായി വളരാൻ ശേഷിയുള്ള (പ്ലൂരി പൊട്ടന്റ്) വിത്തുകോശങ്ങൾ എടുക്കാം. ഇവയെ പ്രത്യേക രീതിയിൽ പരുവപ്പെടുത്തിയാണ് ഡെർമൽ പാപില്ല കോശങ്ങൾ ആക്കുന്നത്.

## പാക് യുദ്ധവിമാനങ്ങൾ നടത്തിയ ആക്രമത്തിൽ 92 ഭീകരർ കൊല്ലപ്പെട്ടു

*പെഷവാർ:* നോർത്ത് വസിറിസ്ഥാനിലും ഖൈബറിലും പാക് യുദ്ധവിമാനങ്ങൾ നടത്തിയ ആക്രമണത്തിൽ 92 ഭീകരർക്കു ജീവഹാനി നേരിട്ടു. ദത്താഖേലിലെ താവളത്തിൽ നടത്തിയ ആക്രമണത്തിലാണ് 12 വിദേശികൾ ഉൾപ്പെടെ 53 ഭീകരർ കൊല്ലപ്പെട്ടത്.

ആറു താവളങ്ങളും നിരവധി സ്ഫോടകവസ്തുക്കളും ഏതാനും വാഹനങ്ങളും വ്യോമാക്രമണത്തിൽ നശിച്ചുവെന്നു സൈന്യം പുറപ്പെടുവിച്ച പ്രസ്താവനയിൽ വ്യക്തമാക്കി. തിരാ താഴ്വരയിൽ നടത്തിയ മറ്റൊരു വ്യോമാക്രമണത്തിൽ 16 പേർ കൊല്ലപ്പെടുകയും 12 പേർക്കു പരിക്കേൽക്കുകയും ചെയ്തു. ഖൈബർ ഏജൻസിയിലെ മിരാൻഷായിൽ നടന്ന ആക്രമണത്തിൽ വിദേശികൾ ഉൾപ്പെടെ 23 ഭീകരർ കൊല്ലപ്പെട്ടു. തെഹ്റിക് ഇ താലിബാൻ പാക്കിസ്ഥാൻ, ലഷ്കർ ഇ ഇസ്ലാം എന്നീ സംഘടനകളിൽപ്പെട്ട ഭീകരരാണു കൊല്ലപ്പെട്ടത്.

## ഇംപീച്ചു ചെയ്ത ശ്രീലങ്കയിലെ പ്രഥമ വനിതാ ചീഫ് ജസ്റ്റീസിനു പുനർനിയമനം



*കൊളംബോ:* രാജപക്സെ സർക്കാർ രണ്ടു വർഷം മുമ്പ് ഇംപീച്ചു ചെയ്ത ശ്രീലങ്കയിലെ പ്രഥമ വനിതാ ചീഫ് ജസ്റ്റീസ് ഷിരാനി ബന്ദാരനായകെയ്ക്കു പുനർനിയമനം നൽകിക്കൊണ്ടു പുതിയ പ്രസിഡന്റ് മൈത്രിപാല സിരിസേന ഉത്തരവിട്ടു.

ഷിരാനിയെ ചീഫ് ജസ്റ്റീസിന്റെ പദവിയിൽ വീണ്ടും നിയമിക്കുമെന്നു സിരിസേന പ്രകടന പത്രികയിലും വ്യക്തമാക്കിയിരുന്നു.

കഴിഞ്ഞദിവസം സുപ്രീം കോടതി സമുച്ചയത്തിലെത്തിയ ഷിരാനിയെ അഭിഭാഷകർ ഹാർദ്ദമായി സ്വീകരിച്ചു.എന്നാൽ ഷിരാനി ഇന്നു രാജിവയ്ക്കുമെന്ന് അവരുമായി ബന്ധപ്പെട്ട കേന്ദ്രങ്ങൾ അറിയിച്ചു.

ഷിരാനിക്ക് ഉചിതമായ യാത്രയയപ്പു നൽകുമെന്ന് ബാർ അസോസിയേഷൻ പ്രസിഡന്റ് ഉപുൽ ജയസൂര്യ വ്യക്തമാക്കി. പദവി പുനസ്ഥാപിച്ചു പിറ്റേന്നു തന്നെ ഷിരാനി രാജിവയ്ക്കുന്നതിന്റെ കാരണം വ്യക്തമല്ല. ഷിരാനി രാജിവയ്ക്കുന്നതോടെ സിരിസേന ഭരണകൂടത്തിനു പുതിയ ചീഫ് ജസ്റ്റീസിനെ നിയമിക്കാനാവും.

ഷിരാനിയുടെ ഇംപീച്ചുമെന്റ് നടപടികൾ നിയമവിരുദ്ധമായിരുന്നുവെന്നു സർക്കാർ വക്താവ് അറിയിച്ചു. ഷിരാനിക്കു പകരം രാജപക്സെ നിയമിച്ച ചീഫ് ജസ്റ്റീസ് മോഹൻ പെയ്രിസിന് പ്രസിഡന്റ് സിരിസേന അയച്ച കത്തിൽ അദ്ദേഹത്തിന്റെ നിയമനം സാധുവല്ലെന്നു ചൂണ്ടിക്കാട്ടി. പെയ്രിസിനോടു രാജിവയ്ക്കാനും സിരിസേന കത്തിൽ നിർദേശിച്ചിരുന്നുവെന്ന് അറ്റോർണി അറ്റ് ലോ വെലിയമുന അറിയിച്ചു.

## സിംബാവെ പ്രസിഡന്റ് റോബർട്ട് മുഗാബെ ആഫ്രിക്കൻ യൂണിയൻ ചെയർമാൻ



*അഡിസ് അബാബ:* സിംബാബ്വെ പ്രസിഡന്റ് റോബർട്ട് മുഗാബെ(90)യെ ആഫ്രിക്കൻ യൂണിയൻ ചെയർമാനായി തെരഞ്ഞെടുത്തു.

മൗറിതാനിയുടെ മുഹമ്മദ് അബ്ദേൽ അസിസ് സ്ഥാനമൊഴിയുന്ന സാഹചര്യത്തിലാണ് മുഗാബെയെ തെരഞ്ഞെടുത്തത്. എത്യോപ്യയിൽ നടന്ന ആഫ്രിക്കൻ യൂണിയൻ ഉച്ചകോടിയിലാണ് മുഗാബെയെ ചെയർമാനായി തെരഞ്ഞെടുത്തത്.

ആഫ്രിക്ക നേരിടുന്ന കാലാവസ്ഥ വ്യതിയാനം, തീവ്രവാദി ആക്രമണങ്ങൾ, എബോള എന്നിവയ്ക്കെതിരെ ഒത്തൊരുമിച്ചുള്ള ശ്രമങ്ങൾ ഉച്ചകോടി നടത്തും. ബോക്കൊ ഹറാമിനെതിരെ അഞ്ച് രാജ്യങ്ങൾ ചേർന്ന് 7500 അംഗ സേനയ്ക്ക് രൂപം നൽകാൻ ഉച്ചകോടിയിൽ തീരുമാനമായി. ആഫ്രിക്കൻ യൂണിയനിൽ 54 രാജ്യങ്ങൾ അംഗങ്ങളാണ്.

ആഫ്രിക്കയിലെ മുതിർന്ന നേതാവായ മുഗാബെ 1980 മുതൽ സിംബാബ്വെ പ്രസിഡന്റായി സേവനമനുഷ്ഠിക്കുകയാണ്. വെള്ളക്കാരിൽ നിന്നും സിംബാബ്വെയെ സ്വതന്ത്രമാക്കാൻ മുഗാബെ ശക്തമായ പോരാട്ടം നടത്തിയിട്ടുണ്ട്.

## വെസ്റ്റ് ബാങ്കിൽ പുനരധിവാസമന്ദിരം

*ജറുസലേം:* വെസ്റ്റ് ബാങ്കിൽ 430 പുനരധിവാസ മന്ദിരങ്ങൾ കൂടി നിർമിക്കാൻ ഇസ്രായേൽ സർക്കാർ ഒരുങ്ങുന്നു. ഇതിനായി ടെൻഡറുകൾ ക്ഷണിച്ചതായി വെസ്റ്റ് ബാങ്കിൽ പുനരധിവാസ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്ന എൻ.ജി.ഒ അറിയിച്ചു.

വെസ്റ്റ് ബാങ്കിൽ നിലവിലുള്ള നാല് കുടിയേറ്റ മേഖലകളായ ആഡം, എൽക്കാന, ആൽഫി മെനാഷെ, കിർയാട്ട് അർബ എന്നിവിടങ്ങളിലാണ് വീടുകൾ നിർമിക്കുന്നത്. ആഡമിൽ 112, എൽക്കാനയിൽ 156, ആൽഫി മെനാഷെയിൽ 78, കിർയാട്ട് അർബയിൽ 84 വീടുകൾ നിർമിക്കാനാണ് ഇസ്രായേലിന്റെ നീക്കം.

എന്നാൽ നിർമാണ പ്രവർത്തനങ്ങൾ അന്താരാഷ്ട്ര നിയമത്തിന് വിരുദ്ധമാണെന്നും പലസ്തീനുമായുള്ള സമാധാന ഉടമ്പടിക്ക് എതിരാണെന്നുമാണ് വിലയിരുത്തൽ. വെസ്റ്റ് ബാങ്കിൽ വീടുകൾ നിർമിക്കാനുള്ള ഇസ്രായേലിന്റെ നീക്കം യുദ്ധക്കുറ്റമാണെന്ന് പലസ്തീൻ ആരോപിക്കുന്നു.

## ജയന്തി നടരാജൻ കോൺഗ്രസ് വിട്ടു



*ന്യൂഡൽഹി:* കേന്ദ്രമന്ത്രിയും എഐസിസി വക്താവുമായിരുന്ന ജയന്തി നടരാജൻ പാർട്ടി കോൺഗ്രസ് വിട്ടു.

തന്റെ ചുമതലയിലുണ്ടായിരുന്ന കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നയപരമായ കാര്യങ്ങളിൽ രാഹുൽ ഗാന്ധി ഇടപെട്ടിരുന്നെന്ന് ആരോപിച്ച ജയന്തി, ഗുജറാത്ത് സർക്കാരിന്റെ നിർദേശ പ്രകാരം യുവതിയെ നിരീക്ഷിച്ച സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ രൂക്ഷമായി വിമർശിക്കാൻ കോൺഗ്രസ് നേതൃത്വം ആവശ്യപ്പെട്ടെന്നും വെളിപ്പെടുത്തി.

കോൺഗ്രസ് അധ്യക്ഷ സോണിയ ഗാന്ധിക്ക് അയച്ച കത്ത് ദ ഹിന്ദു ദിനപത്രം വെളിപ്പെടുത്തിയതിനു പിന്നാലെയാണു പാർട്ടി വിടുകയാണെന്ന തീരുമാനം ജയന്തി നടരാജൻ ചെന്നൈയിൽ അറിയിച്ചത്.

ആരോപണങ്ങൾ നിഷേധിച്ചു രംഗത്തെത്തിയ കോൺഗ്രസ് നേതാക്കൾ, ഈ പെരുമാറ്റം അവരുടെ പുതിയ രാഷ്ട്രീയ യജമാനന്മാർക്കു വേണ്ടിയാണെന്നു തിരിച്ചടിച്ചു. പാർട്ടിയും നേതൃത്വവും വേദനിപ്പിച്ചു എന്ന് ആരോപിക്കുന്ന ജയന്തി ഒരു തെരഞ്ഞെടുപ്പിലും മത്സരിക്കാതെയാണു നാലു തവണ എംപിയായതെന്നും കോൺഗ്രസ് വക്താവ് മനു അഭിഷേക് സിംഗ്വി തുറന്നടിച്ചു. ജയന്തി മാത്രമല്ല, രണ്ടു മൂന്നു നേതാക്കൾ കൂടി കോൺഗ്രസ് വിട്ടിരുന്നെങ്കിൽ പാർട്ടി ശക്തമായേനെയെന്നു തമിഴ്നാട് പിസിസി പ്രസിഡന്റ് ഇ.വി.കെ.എസ്. ഇളങ്കോവനും അഭിപ്രായപ്പെട്ടു.

യുപിഎ സർക്കാരിലെ വനിത, ശിശുക്ഷേമ മന്ത്രി കൃഷ്ണ തിരാത്തും തമിഴ്നാട്ടിൽനിന്നുള്ള ഷിപ്പിംഗ് മന്ത്രി ജി.കെ. വാസനും രാജിവച്ചതിനു പിന്നാലെയാണ് ജയന്തി പാർട്ടി അംഗത്വം രാജിവയ്ക്കുന്നത്.

## 43 വിദ്യാർഥികളെ ക്വട്ടേഷൻസംഘം കൊലപ്പെടുത്തിയതായി മെക്സിക്കൻ സർക്കാർ

*മെക്സിക്കോ സിറ്റി:* നാലു മാസം മുമ്പ് കാണാതായ 43 ടീച്ചേഴ്സ് ട്രെയിനിംഗ് കോളജു വിദ്യാർഥികളെ ക്വട്ടേഷൻ സംഘം കൊലപ്പെടുത്തിയതായി അന്വേഷണത്തിൽ വ്യക്തമായെന്ന് മെക്സിക്കൻ സർക്കാർ അറിയിച്ചു.

ഇഗുലാ നഗരത്തിൽനിന്ന് സെപ്റ്റംബർ 26നാണ് വിദ്യാർഥികളെ കാണാതായത്. എതിർസംഘത്തിൽപ്പെട്ടവരാണെന്നു കരുതി ഒരു മയക്കുമരുന്നു മാഫിയാത്തലവന്റെ നിർദേശ പ്രകാരം ഇവരെ ഗുണ്ടകൾ വധിക്കുകയായിരുന്നു.

വിദ്യാർഥികളുടെ തിരോധാനത്തെത്തുടർന്നു രാജ്യത്ത് വ്യാപക പ്രതിഷേധം ഉയർന്നു. പോലീസ് ഉദ്യോഗസ്ഥരുമായി വിദ്യാർഥികൾ ഏറ്റുമുട്ടിയെന്നും പോലീസുകാർ ഇവരെ ഗുണ്ടകൾക്കു കൈമാറിയെന്നും നേരത്തെ ആരോപണം ഉയർന്നിരുന്നു. കൊല്ലപ്പെട്ട വിദ്യാർഥികളിൽ ഒരാളുടെ മാത്രം മൃതദേഹാവശിഷ്ടങ്ങളേ കണ്ടുകിട്ടിയുള്ളുവെന്ന് അറ്റോർണി ജനറൽ ജീസസ് മുറില്ലോ പത്രസമ്മേളനത്തിൽ പറഞ്ഞു. ഇഗുലാ മേയറെയും പത്നിയെയും വിദ്യാർഥികളുടെ തിരോധാനവുമായി ബന്ധപ്പെട്ട് നേരത്തെ പോലീസ് അറസ്റ്റു ചെയ്തിരുന്നു.

ഗുറിയോരസ് യുണിഡോസ് എന്ന സംഘടനയിലെ അംഗമായ ഫെലിപ്പെ റേഡ്രിഗസ് കുറ്റം സമ്മതിച്ചതായി അറ്റോർണി ജനറൽ പറഞ്ഞു. തന്റെ മേധാവിയാണ് 43 യുവാക്കളെയും കൊല്ലാൻ ഉത്തരവിട്ടതെന്ന് റോഡ്രിഗസ് പറഞ്ഞു. റോഡ്രിഗസിന് 140വർഷം തടവുശിക്ഷ നൽകാൻ താൻ കോടതിയിൽ അപേക്ഷിക്കുമെന്ന് അറ്റോർണി ജനറൽ മുറില്ലോ പറഞ്ഞു. വിദ്യാർഥികളുടെ വധവുമായി സൈന്യത്തിനു ബന്ധമുണ്ടെന്ന ആരോപണം അദ്ദേഹം നിഷേധിച്ചു.

മെക്സിക്കൻ ഭരണകൂടത്തെ പിടിച്ചുകുലുക്കിയ കേസ് പെട്ടെന്ന് അവസാനിപ്പിക്കാനുള്ള വ്യഗ്രതയാണ് അധികൃതർ കാണിക്കുന്നതെന്ന് കൊല്ലപ്പെട്ട വിദ്യാർഥികളിൽ ഒരാളുടെ രക്ഷിതാവ് പറഞ്ഞു.

# ബറാക് ഒബാമയുടെ ഇന്ത്യാസന്ദർശനം

**ജോർജ് തഴക്കര**

ഇന്ത്യ റിപ്പബ്ലിക്ദിനം ആഘോഷിക്കുമ്പോൾ ഒരതിഥി പങ്കെടുക്കാറുണ്ട്. ആദ്യവിഷ്ടാതിഥി ഇന്തൊനേഷ്യൻ പ്രസിഡന്റ് സുക്കാർണോ ആയിരുന്നു. ചേരിചേരാപ്രസ്ഥാനത്തിൽ നെഹ്റുവിനോടൊപ്പം നിന്നുപ്രവർത്തിച്ച വ്യക്തി. അദ്ദേഹമാണ് ആദ്യ റിപ്പബ്ലിക് ദിന പരേഡിൽ സല്യൂട്ട് സ്വീകരിച്ചത്.

ഇന്ത്യ എന്ന പരമാധികാര രാഷ്ട്രത്തിന്റെ അറുപത്തിയാറാമതു റിപ്പബ്ലിക്ദിനാഘോഷം ലോകശ്രദ്ധയും ചരിത്രത്തിൽ ഇടവും നേടി. രാജ്യത്തിന്റെ തലസ്ഥാനം ഇതുവരെ കാണാത്ത സുരക്ഷാസംവിധാനമാണ് പ്രസിഡന്റ് ബറാക് ഒബാമയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയത്. പതിവു മുൻ ഒരുക്കങ്ങളിൽ നിന്നും എല്ലാം വ്യത്യസ്തമായിരുന്നു. ആദ്യമായി ഒരമേരിക്കൻ പ്രസിഡന്റ് ഇന്ത്യൻ റിപ്പബ്ലിക് ദിനാഘോഷത്തിൽ പങ്കെടുക്കുന്നു-ഇന്ത്യ അംഗീകരിക്കപ്പെട്ടുവെന്നതിന്റെ പ്രകടമാകൽ.

സ്ത്രീശക്തി എന്നതായിരുന്നു ഇപ്രാവശ്യത്തെ പരേഡിന്റെ സന്ദേശം. രാഷ്ട്രപതിഭവനു മുന്നിലൊരുക്കിയ ഗാർഡ് ഓഫ് ഓണറിന്റെ ചുമതല ഇതാദ്യമായി ഒരു വനിതയിൽ നിക്ഷിപ്തമായിരിക്കുന്നു. രാജസ്ഥാൻ സ്വദേശിയായ പൂജ ഠാക്കൂറിനാണ് ആ നിയോഗമുണ്ടായത്.

ഒരുവർഷം മുമ്പുവരെ യു.എസിന് അനഭിമതനായ നരേന്ദ്ര മോദിയാണ് ആതിഥേയൻ എന്നതും ചരിത്രം.

യു.എസ്.പ്രസിഡന്റിന്റെ സന്ദർശനവുമായി ബന്ധപ്പെട്ട് വൻ സുരക്ഷാസംവിധാനമാണ് ഒരുക്കിയത്. യു.എസ്- ഇന്ത്യാ രഹസ്യാന്വേഷണ വിഭാഗം സംയുക്തമായിട്ടാണ് ഇതിനു മേൽനോട്ടം വഹിച്ചത്.

ബറാക് ഒബാമയുടെ ആദ്യപരിപാടി ഗാന്ധിസമാധിയിലെ പുഷ്പാർച്ചന ആയിരുന്നു. 'മാർട്ടിൻ ലൂതർ കിങ് പറഞ്ഞത് ഇന്നും സത്യമായി നിലനിൽക്കുന്നു. മഹാത്മഗാന്ധിയുടെ ആത്മചൈതന്യം ഇപ്പോഴും ഇന്ത്യയിലുണ്ട്. അത് ലോകത്തിനുള്ള ഏറ്റവും വലിയ സമ്മാനമാണ്. രാജ്യങ്ങൾക്കിടയിലും ജനങ്ങൾക്കിടയിലും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ഗാന്ധിചൈതന്യമുൾക്കൊണ്ടാകട്ടെ നമ്മുടെ ജീവിതം.' പ്രസിഡന്റ് സന്ദർശക ഡയറിയിൽ കുറിച്ചു. ബോധിവൃക്ഷത്തൈ നട്ടുകൊണ്ടുള്ള ഈ സന്ദേശത്തിൽ ചില ബോധ്യപ്പെടുത്തലുകൾ കൂടിയുണ്ടായിരുന്നുവെന്ന് പിന്നീടുള്ള പ്രസംഗങ്ങൾ വെളിപ്പെടുത്തുന്നു.

ചരിത്രം കോറിയ ഒരു ട്രെലിഗ്രാമിന്റെ പകർപ്പ് ചർച്ച തുടങ്ങുംമുമ്പ് നരേന്ദ്രമോദി ഒബാമയ്ക്കു നൽകുകയുണ്ടായി. 1946ൽ യു.എസ്. വിദേശകാര്യസെക്രട്ടറിയായിരുന്ന ഡീൻ അക്കീസൺ ഭരണഘടന നിർമാണസഭയുടെ താൽക്കാലിക അദ്ധ്യക്ഷൻ സച്ചിദാനന്ദ സിൻഹയ്ക്ക് അയച്ച ട്രെലിഗ്രാമായിരുന്നു അത്. ഇന്ത്യ ഏറ്റെടുത്ത ഭാരിച്ച ഉത്തരവാദിത്തിനു ഭാവുകങ്ങൾ നേർന്നുകൊണ്ടുള്ളതായിരുന്നു അതിലെ സന്ദേശം. അറുപത്തിയൊമ്പത് വർഷം മുമ്പ് നേർന്ന ആ ഭാവുകം ഫലപ്രദമാകുക മാത്രമല്ല, ഇന്ത്യൻ ഭരണഘടന എന്നത് ലോകത്തിനു മുന്നിലെ അത്ഭുതമായി നിലനിൽക്കുകയും ചെയ്യുന്നുവെന്നതാണ്.

വാണിജ്യ വ്യവസായ മേഖലകളിൽ നിലവിലുണ്ടായിരുന്ന പല തടസങ്ങളും ഈ സന്ദർശനത്തിലൂടെ മാറി. ഇന്ത്യൻ വ്യവസായ വികസനത്തിനു 400 കോടി ഡോളറിന്റെ സഹായമാണ് ലഭിക്കുക. ആണവകരാറിന്റെ കുരുക്ക് അഴിക്കുവാൻ കഴിഞ്ഞുവെന്നതാണ് പ്രധാന നേട്ടം. യു.എസ്. ഇന്ത്യൻ സിവിൽ ആണവ ബാധ്യതാ നിയമത്തിലെ കർശന വ്യവസ്ഥങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള തീരുമാനമായിരുന്നു എന്നതും എടുത്തു പറയേണ്ടതുണ്ട്. ആണവദുരന്തമുണ്ടായാൽ സാമഗ്രി വിതരണക്കാർ നഷ്ടപരിഹാരം നൽകണം എന്നതായിരുന്നു ഇന്ത്യയുടെ ആവശ്യം. ഇൻഷുറൻസ് കമ്പനികളുടെ സഹായത്തോടെ ഇതിന് പരിഹാരം കാണാൻ കഴിയുമെന്ന ഇന്ത്യയുടെ നിർദ്ദേശം അംഗീകരിക്കപ്പെട്ടു. എച്ച് വൺ ബി-വൺ വിസകൾ സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകും. പ്രതിരോധമേഖലയിൽ കൂട്ടായ സഹകരണം ലഭിക്കും. യു.എസിൽ ജോലി ചെയ്യുന്ന ഇന്ത്യക്കാർക്ക് പ്രതിവർഷം 18,000 കോടി രൂപയുടെ സോഷ്യൽ സെക്യൂരിറ്റി സംഭാവന റീഫണ്ട് ലഭിക്കും. ഇന്ത്യയിൽ വിദേശ നിക്ഷേപകർക്കു ബിസിനസ്സു നടത്തുവാനുള്ള അന്തരീക്ഷം, ഇന്ത്യൻ നഗരവികസനം, ഇന്ത്യയുടെ കാലാവസ്ഥ വ്യതിയാന പദ്ധതിക്കുള്ള സാങ്കേതിക സഹായം തുടങ്ങി ഒട്ടേറെ കരാറുകളിൽ ഇരു രാജ്യങ്ങളും ഏർപ്പെട്ടു.

'ഒരുമിച്ചു മുന്നോട്ട്' എന്നതായിരുന്നു സെപ്റ്റംബറിലെ പ്രതിജ്ഞയെങ്കിൽ 'കൂട്ടായ ശ്രമം; എല്ലാവർക്കും പുരോഗതി' എന്നതായിരുന്നു ഇപ്പോഴത്തെ പ്രതിജ്ഞ.

ത്രിദിന സന്ദർശനത്തിന്റെ സമാപനം കുറിച്ചുകൊണ്ട് ടൗൺ ഹാൾ പ്രസംഗം മാറി തുടങ്ങിയ ചിലരുടെ മനോഭാവങ്ങളോടുള്ള പ്രതികരണമായിരുന്നു.

'മതത്തിന്റെ പേരിലുള്ള അന്തച്ഛിദ്രങ്ങൾ അവസാനിപ്പിച്ചാൽ മാത്രമേ ഇന്ത്യയ്ക്കു പുരോഗതി കൈവരിക്കുവാൻ കഴിയുകയുള്ളുവെന്നതായിരുന്നു ബരാക് ഒബാമയുടെ പ്രസംഗത്തിന്റെ ചുരുക്കം. 'തിരഞ്ഞെടുക്കുന്ന വിശ്വാസം അനുഷ്ഠിക്കാൻ ഏതു വ്യക്തിക്കും അവകാശമുണ്ട്. ലോകത്തിൽ നാം അന്വേഷിക്കുന്ന സമാധാനം തുടങ്ങുന്നത് മനുഷ്യഹൃദയങ്ങളിലാണ്.' ഇന്ത്യൻ ഭരണഘടനയിൽ നിന്നും മതേതരത്വവും സോഷ്യലിസവും എടുത്തു മാറ്റണമെന്നതാണ് അതിലൊന്ന്. അതുണ്ടാക്കുന്ന സാമൂഹ്യപ്രശ്നങ്ങളാണ് ഇന്ത്യൻ വളർച്ചയ്ക്കുണ്ടാകുന്ന പ്രധാന തടസ്സമെന്നാണ് ഒബാമയുടെ പ്രസംഗത്തിന്റെ ഉള്ളറവു നൽകുന്ന പാഠം. മഹാത്മജിയുടെ 67-ാം രക്തസാക്ഷിദിനം നൽകുന്ന സന്ദേശമായിരിക്കട്ടെ ഭാരതത്തിന്റെ ഭാവിസന്ദേശം.



ദേശീയ ഗെയിംസിന്റെ തുടക്കം കുറിച്ചുകൊണ്ട് ക്രിക്കറ്റ് ഇതിഹാസം സച്ചിൻ തെണ്ടുൽക്കർ ദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്യുന്നു

## ചീഫ് സെക്രട്ടറിയായി ജിജി തോംസൺ ചുമതലയേറ്റു



തിരുവനന്തപുരം: സംസ്ഥാന ചീഫ് സെക്രട്ടറിയായി ജിജി തോംസൺ ചുമതലയേറ്റു. കഴിഞ്ഞദിവസം രാവിലെ ഓഫീസിലെത്തിയ ജിജി തോംസണെ സ്ഥാനമൊഴിഞ്ഞ ചീഫ് സെക്രട്ടറി ഇ.കെ. ഭരത്ഭൂഷൺ വരവേറ്റു. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താനുള്ള നടപടികളുമായി മുന്നോട്ടു പോകുമെന്നു ജിജി തോംസൺ പറഞ്ഞു.

തുടർന്നു സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ നടന്ന ചടങ്ങിൽ ഭരത്ഭൂഷണ് ഔദ്യോഗിക യാത്രയയപ്പ് നൽകി.

മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, രമേശ് ചെന്നിത്തല, കെ.സി. ജോസഫ്, പി.കെ. അബ്ദുറബ്, വി.എസ്. ശിവകുമാർ, കെ. ബാബു, അഡീഷണൽ ചീഫ് സെക്രട്ടറി കെ.എം. ഏബ്രഹാം, പൊതുഭരണ വകുപ്പു സെക്രട്ടറി കെ.ആർ. ജ്യോതിലാൽ എന്നിവരും പ്രസംഗിച്ചു.

## കേരളത്തിൽ അന്താരാഷ്ട്ര മയക്കുമരുന്നു മാഫിയ സജീവം: ആഭ്യന്തരമന്ത്രി



കൊച്ചി: കേരളത്തിൽ അന്താരാഷ്ട്ര മയക്കുമരുന്നു മാഫിയ സജീവമാണെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. കൊച്ചിയിൽ യുവനടനടക്കമുള്ള മയക്കു മരുന്നു സംഘത്തെ പോലീസ് അറസ്റ്റു ചെയ്തതിനു തൊട്ടു പിന്നാലെയാണ് ആഭ്യന്തര മന്ത്രിയുടെ വെളിപ്പെടുത്തൽ. മയക്കുമരുന്നു മാഫിയക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും ഇക്കാര്യത്തിൽ പോലീസ് അന്വേഷണം ഉർജിതമാക്കിയിട്ടുണ്ടന്നും ചെന്നിത്തല പറഞ്ഞു.

ശനിയാഴ്ച പുലർച്ചെ ഒന്നോടെ അസിസ്റ്റന്റ് കമ്മീഷണർ എസ്.ടി. സുരേഷ്കുമാർ, എറണാകുളം സെൻട്രൽ സിഐ ഫ്രാൻസിസ് ഷെൽബി എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണു കടവന്ത്രയിലുള്ള ആഡംബര ഫ്ളാറ്റിൽനിന്ന് അഞ്ചു പേരെയും അറസ്റ്റ് ചെയ്തത്.

## മാത്യൂസ് ദ്വിതീയൻ ബാവയുടെ ജന്മശതാബ്ദി ആഘോഷിച്ചു



*അടൂർ:* ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ജന്മശതാബ്ദി ആഘോഷിച്ചു.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു.

കൊല്ലം ഭദ്രാസനാധിപൻ സഖറിയ മാർ അന്തോണിയോസ് മെത്രാപ്പോലീത്തയുടെ അധ്യക്ഷതയിൽ കാൻസർരോഗ ചികിത്സാ സഹായനിധിയുടെ ഉദ്ഘാടനം മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിച്ചു.

മാത്യൂസ് ദ്വിതീയൻ പുരസ്കാരം നിയുക്ത ചീഫ് സെക്രട്ടറി ജിജി തോംസണ് സമ്മാനിച്ചു. പ്രഫ.ഡി.കെ. ജോൺ പുരസ്കാരം വിജ്ഞാപനം നടത്തി. വിദ്യാഭ്യാസ സഹായനിധി ഉദ്ഘാടനം ആന്റോ ആന്റണി എംപിയും ബ്രോഷർ പ്രകാശനം ഡോ.മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തയും നിർവഹിച്ചു. ജിജി തോംസൺ അനുസ്മരണ പ്രഭാഷണം നടത്തി.

സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, മാർത്തോമ്മാ സഭ അടൂർ ഭദ്രാസനാധിപൻ ജോസഫ് മാർ ബർണബാസ് എപ്പിസ്കോപ്പ, മലങ്കര കത്തോലിക്കാ സഭ തിരുവനന്തപുരം മേജർ അതിരൂപത സഹായമെത്രാൻ ഡോ.സാമുവേൽ മാർ ഐറേനിയോസ്, മെത്രാപ്പോലീത്തമാരായ ഡോ.ജോസഫ് മാർ ദിവന്നാസിയോസ്, ഡോ.യൂഹാനോൻ മാർ തേവോദോറസ്, യാക്കോബ് മാർ ഏലിയാസ്, ഡോ.സഖറിയാസ് മാർ അപ്രേം എന്നിവർ അനുഗ്രഹ പ്രഭാഷണം നടത്തി.

## PEACE OF MIND CHARITIES, LLC
130 Alburger Ave, Philadelphia. PA 19115,



*ഫിലഡൽഫിയ:* പീസ് ഓഫ് മൈൻഡ് ചാരിറ്റീസിന്റെ നേതൃത്വത്തിൽ ടൈംസ് ഓഫ് അമേരിക്ക ഓൺ ലൈൻ ന്യൂസിന്റെയും കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഗുരു നിത്യ ചൈതന്യ യതി ഫൗണ്ടേഷന്റെയും സഹകരണത്തിൽ ചികിത്സാ സഹായവും വിദ്യാഭ്യാസ സ്കോളർഷിപ്പും നൽകുവാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിരിക്കുന്നു.

സാമ്പത്തിക ക്ലേശത്താൽ നട്ടംതിരിയുന്ന കുടുംബങ്ങൾക്ക് രോഗചികിത്സയ്ക്കും വിദ്യാഭ്യാസ സഹായത്തിനുമായി പീസ് ഓഫ് മൈൻഡ് ചാരിറ്റീസ് ഫണ്ട് സമാഹരിക്കുന്നു.

നിങ്ങൾ നൽകുന്ന ജീവകാരുണ്യ തുക പീസ് ഓഫ് മൈൻഡിലൂടെ നിങ്ങൾ നിർദ്ദേശിക്കുന്ന അർഹതയുള്ള വ്യക്തികൾക്കു നൽകുവാനുള്ള പദ്ധതിയും ഇതോടൊപ്പം ചെയ്തുവരുന്നു.

അർഹരായവരുടെ കൈകളിൽ നിങ്ങൾ നൽകുന്ന സഹായം നൽകുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ജനനം, മാമോദിസ, വിവാഹം തുടങ്ങിയുള്ള ആഘോഷങ്ങളിൽ നിന്നും ഒരു നിശ്ചിത തുക ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുവാൻ തീരുമാനിക്കുകയും നിങ്ങളുടെ സുഹൃത്തുക്കളോടും, ബന്ധുക്കളോടും ഇതിന്റെ ആവശ്യകതയെക്കുറിച്ചു ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിലൂടെ അനേകരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാനും കൈപിടിച്ചുയർത്തുവാനും കഴിയും. അവരുടെ പ്രാർത്ഥന നിങ്ങളുടെ ജീവിതത്തെ കുറച്ചുകൂടി മെച്ചപ്പെടുത്തുവാൻ സഹായിക്കും.

കൂടുതൽ വിവരങ്ങൾക്ക്: **Tel: 267-991-2111.**



വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

# റിപ്പബ്ലിക് ദിനം ഗാന്ധി സ്ക്വയറിൽ ആചരിച്ചു



*മയാമി:* റിപ്പബ്ലിക് ദിനാഘോഷം ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസിന്റെ കേരളാ ഘടകം ഫ്ളോറിഡാ ചാപ്റ്റർ മയാമി ഗാന്ധി സ്ക്വയറിൽ ആചരിച്ചു.

26ന് വൈകിട്ട് 5ന് ഗാന്ധി സ്ക്വയറിൽ കൂടിയ സമ്മേളനത്തിൽ ഇന്ത്യൻ ദേശീയ പതാകയിൽ ആദരവുകൾ അർപ്പിച്ച് ഇന്ത്യൻ ദേശീയഗാനം ആലപിച്ച് രാഷ്ട്രത്തിന് ആദരവുകൾ അർപ്പിച്ചു.

ഐഎൻഒസി ഫ്ളോറിഡ ചാപ്റ്റർ പ്രസിഡന്റ് അസീസി നടയിലിന്റെ നേതൃത്വത്തിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷ പരിപാടിയിൽ സൗത്ത് ഫ്ളോറിഡയിലെ വിവിധ സംഘടനകൾ സംയുക്തമായാണ് ആഘോഷിച്ചത്.

ഫോമാ നാഷണൽ ട്രഷറർ ജോയി ആന്റണി, ഫൊക്കാനാ ട്രസ്റ്റി ബോർഡ് മെമ്പർ ജോർജി വർഗീസ്, ഐഎൻഒസി നാഷണൽ വൈസ് പ്രസിഡന്റ് ഡോ. മാമ്മൻ സി. ജേക്കബ്, റീജിയണൽ വൈസ് പ്രസിഡന്റ് ജോയി കുറ്റ്യാനി, കേരള സമാജം പ്രസിഡന്റ് സജി സക്കറിയാസ്, നവകേരളാ പ്രസിഡന്റ് എബി ആനന്ദ്, ഐഎൻഒസി ഭാരവാഹികളായ സാജൻ കുര്യൻ, മാത്തുക്കുട്ടി തുമ്പമൺ, ഷിബു ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.

# ഐഎൻഒസി ടെക്സാസ് ചാപ്റ്റർ റിപ്പബ്ലിക് ദിനം ആഘോഷിച്ചു

**ജീമോൻ റാന്നി**

*ഹൂസ്റ്റൺ:* ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസ്(ഐഎൻഒസി) ടെക്സാസ് ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യയുടെ റിപ്പബ്ലിക് ദിനം ആഘോഷിച്ചു.

ജനുവരി 26ന് വൈകിട്ട് 6ന് സ്റ്റാഫോഡിലുള്ള തനിമ ഇന്ത്യൻ റെസ്റ്ററന്റിൽ ചേർന്ന സമ്മേളനത്തിൽ പ്രസിഡന്റ് ജോസഫ് ഏബ്രഹാം അധ്യക്ഷത വഹിച്ചു.

ഇന്ത്യയുടെ ഭരണഘടനയും ഭരണഘടനാ മൂല്യങ്ങളും ലോകത്തിലെ പല രാജ്യങ്ങൾക്കും മാതൃകയാണെന്നും ആറര പതിറ്റാണ്ടു കൊണ്ട് ലോകരാജ്യങ്ങളുടെ മുൻപന്തിയിലേക്ക് ഉയർന്നു കൊണ്ടിരിയ്ക്കുന്ന ഇന്ത്യയുടെ പുരോഗതിയിൽ അഭിമാനം കൊള്ളണമെന്നും ജോസഫ് ഏബ്രഹാം പറഞ്ഞു.

തുടർന്ന് ഇന്ത്യ അന്നും ഇന്നും എന്ന വിഷയത്തെ അധികരിച്ച് പൊതുചർച്ച നടന്നു. ചർച്ചകളിൽ ഏബ്രഹാം ഈപ്പൻ, ഏബ്രഹാം തോമസ്, വി.വി.ബാബുക്കുട്ടി, പൊന്നുപ്പിള്ള മാധ്യമപ്രവർത്തകൻ ബ്ലസൻ ഹൂസ്റ്റൻ എന്നിവർ സജീവമായി പങ്കെടുത്തു. ജോയിന്റ് സെക്രട്ടറി ജീമോൻ റാന്നി നന്ദി പ്രകാശിപ്പിച്ചു.

# അരുൺ കുമാർ സിംഗ് യുഎസിലെ ഇന്ത്യൻ അംബാസഡർ

**പി.പി. ചെറിയാൻ**



*വാഷിങ്ടൺ:* യുഎസിലെ അടുത്ത ഇന്ത്യൻ അംബാസഡറായി അരുൺ കുമാർ സിംഗിനെ നിയമിക്കുമെന്ന് റിപ്പോർട്ട്.

ഒരാഴ്ചയ്ക്കുള്ളിൽ ഇതു സംബന്ധിച്ച് നിയമന ഉത്തരവുണ്ടാവുമെന്നാണു പ്രതീക്ഷിക്കുന്നത്.

ഇന്ത്യൻ അംബാസഡറായിരുന്ന ജയശങ്കറിനെ വിദേശകാര്യ സെക്രട്ടറിയായി നിയമിച്ചതിനെത്തുടർന്ന് ഇപ്പോൾ ഫ്രാൻസിലെ ഇന്ത്യൻ അംബാസഡറായി പ്രവർത്തിക്കുന്ന അരുൺ കുമാർ സിംഗിനെ വാഷിംഗ്ടണിലേക്ക് അയയ്ക്കുമെന്നു പ്രധാനമന്ത്രിയുമായി ബന്ധപ്പെട്ട കേന്ദ്രങ്ങൾ അറിയിച്ചു.

1979ൽ വിദേശ സർവീസിൽ പ്രവേശിച്ച അരുൺ സിംഗ് വാഷിംഗ്ടണിലെ ഇന്ത്യൻ മിഷൻ ഡെപ്യൂട്ടി ചീഫായി അഞ്ചു വർഷം പ്രവർത്തിച്ചിട്ടുണ്ട്.

ഡൽഹി യൂണിവേഴ്സിറ്റിയിൽനിന്ന് ഇക്കണോമിക്സിൽ ബിരുദാനന്തര ബിരുദം നേടിയ സിംഗ് 1981-82ൽ ആദ്യമായി മോസ്കോയിലാണു നിയമിതനായത്.

റഷ്യൻ, ജാപ്പനീസ്, ഫ്രഞ്ച്, ഹീബ്രു ഭാഷകളിൽ പാണ്ഡിത്യമുള്ള അരുൺ പ്രഗല്ഭനായ ഒരു ഡിപ്ലോമാറ്റായിട്ടാണ് അറിയപ്പെടുന്നത്.

# രാജൻ നടരാജൻ മേരിലാൻഡ് ട്രാൻസ്പോർട്ടേഷൻ കമ്മീഷണർ



*മേരിലാൻഡ്:* രാജൻ നടരാജൻ (55) മേരിലാൻഡ് ട്രാൻസ്പോർട്ടേഷൻ കമ്മീഷണറായി ചുമതലയേറ്റു. 2015 ജനുവരി മുതൽ മൂന്നു വർഷത്തേക്കാണു നിയമനം.

പബ്ലിക്-പ്രൈവറ്റ് ടെക്നോളജി സെക്ടറുകളിൽ 20 വർഷത്തെ പ്രവർത്തന പരിചയമുള്ള രാജൻ മേരിലാന്റ് സംസ്ഥാന പോളസി ആൻഡ് എക്സ്റ്റേണൽ അഫയേഴ്സ് ഡെപ്യൂട്ടി സെക്രട്ടറിയായിരുന്നു.

പൊതുജന സേവനത്തിൽ പ്രകടിപ്പിച്ച സമർപ്പണ മനോഭാവമാണു നടരാജനു പുതിയ ചുമതല നൽകുന്നതിനു ഗവർണർ മാർട്ടിനെ പ്രേരിപ്പിച്ചത്.



## സൗത്ത് വെസ്റ്റ് ഭദ്രാസന അസംബ്ലിയും, ക്ലേർജി കോൺഫറൻസും ഡാളസ് സെന്റ് മേരീസ് പള്ളിയിൽ





*ഡാളസ്:* സൗത്ത് വെസ്റ്റ് ഭദ്രാസന അസംബ്ലിയും, ക്ലേർജി കോൺഫറൻസും കാതോലിക്കാ ദിന സമ്മേളനവും ജൂലൈ 7,8 തീയതികളിൽ ഡാളസ് സെന്റ് മേരീസ് വലിയ പള്ളിയിൽ നടക്കും.

ക്ലേർജി കോൺഫറൻസ് ഏഴാം തീയതി വൈകുന്നേരം ഏഴു മുതൽ 9.30 വരെയും, ഭദ്രാസന അസംബ്ലി എട്ടാം തീയതി ഒമ്പതു മുതൽ 2.30 വരെയും, കാതോലിക്ക ദിന സമ്മേളനം 2.30 മുതൽ അഞ്ചുവരെയുമാണ് ക്രമീകരിച്ചിരിക്കുന്നത്. ഈ സമ്മേളനങ്ങളിൽ എല്ലാം ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ കാതോലിക്കാ ബാവ തിരുമേനി പങ്കെടുക്കും.

സെന്റ് മേരീസ് വലിയപള്ളിയിൽ നടക്കുന്ന ആദ്യത്തെ ഭദ്രാസന അസംബ്ലിയും, സൗത്ത് വെസ്റ്റ് ഭദ്രാസനത്തിന്റെ ഏഴാമത്തെ അസംബ്ലിയുമാണ് ഇത്. 1973-ൽ സ്ഥാപിതമായ ഈ ദേവാലയം 2010-ൽ 4.5 മില്യൺ ഡോളറിൽ 20,000 സ്ക്വയർ ഫീറ്റിൽ പുനർനിർമിച്ച് പരിശുദ്ധ കാതോലിക്കാ ബാവ 2011-ൽ ഈ ദേവാലയം കൂദാശ ചെയ്തു.

ഭദ്രാസന അസംബ്ലി യോഗത്തിനുവേണ്ടി അഭിവന്ദ്യ അലക്സിയോസ് മാർ യൗസേബിയോസ് തിരുമേനി, ഭദ്രാസന സെക്രട്ടറി റവ.ഫാ. ജോയി പൈങ്ങോലിൽ, ഭദ്രാസന കൗൺസിൽ മെമ്പർ എൽസൺ സാമുവേൽ, വലിയ പള്ളി വികാരി റവ.ഫാ. രാജു ദാനിയേൽ എന്നിവർ അടങ്ങിയ കമ്മിറ്റി ഇതിന്റെ വിജയത്തിനായി പ്രവർത്തിക്കുന്നു.

## കേരളാ ഹിന്ദൂസ് ഓഫ് സൗത്ത് ഫ്ളോറിഡയ്ക്കു പുതിയ നേതൃത്വം



*മയാമി:* സൗത്ത് ഫ്ളോറിഡയിലെ ഹിന്ദു മലയാളികളുടെ കൂട്ടായ്മയായി കഴിഞ്ഞ അഞ്ചുവർഷമായി പ്രവർത്തിക്കുന്ന കേരള ഹിന്ദൂസ് ഓഫ് സൗത്ത് ഫ്ളോറിഡയ്ക്ക് (കെഎച്ച്എസ്എഫ്) പുതിയ നേതൃത്വം.

പുതിയ ഭാരവാഹികളായി ശ്രീകുമാർ ഹരിലാൽ (പ്രസിഡന്റ്), ഗോപൻ നായർ (വൈസ് പ്രസിഡന്റ്), ലക്ഷ്മി ചന്ദ്രൻ (സെക്രട്ടറി), സുരേഷ് നായർ (ജോ. സെക്രട്ടറി), ബിനോയ് നാരായണൻ (ട്രഷറർ), വിനോദ്കുമാർ നായർ (ജോയിന്റ് ട്രഷറർ), രാജ്കുമാർ (എക്സ് ഒഫീഷ്യോ) എന്നിവരെയും കമ്മിറ്റി അംഗങ്ങളായി എബി ആനന്ദ്, പത്മകുമാർ, ശ്രീജേഷ് ശ്രീനിവാസൻ, സദാശിവൻ, ശോഭാ നായർ എന്നിവരേയും തെരഞ്ഞെടുത്തു.

ജനുവരി 10ന് വൈകുന്നേരം നാലിനു ഡേവി ഗാന്ധി സ്ക്വയർ ഓഡിറ്റോറിയത്തിൽ നടന്ന ജനറൽ ബോഡിയാണു പുതിയ കമ്മിറ്റിയെ തെരഞ്ഞെടുത്തത്.

അഞ്ചു വർഷം പിന്നിടുന്ന കെഎച്ച്എസ്എഫ് വരും വർഷങ്ങളിൽ പൂർവാധികം ശക്തമായ പരിപാടികളോടു കൂടി മുന്നോട്ടുപോകുമെന്നു പ്രസിഡന്റ് ശ്രീകുമാർ ഹരിലാൽ അറിയിച്ചു. ഇതിനായി എല്ലാ അംഗങ്ങളുടെയും സഹായ സഹകരണം ഉണ്ടാകണമെന്ന് അദ്ദേഹം അഭ്യർഥിച്ചു.

നിയുക്ത കമ്മിറ്റിയുടെ ആദ്യയോഗം ജനുവരി 24-ന് നടക്കും. പത്മകുമാർ കെ.ജി. 305 776 9376 അറിയിച്ചതാണിത്.

For Advertisement Tel: 267-991-2111

CONTACT US

## മലയാള സംസ്കാരത്തോടുള്ള പ്രവാസികളുടെ താല്പര്യം കേരളത്തിലുള്ളവർ കണ്ടു പഠിക്കണം: അടൂർ ഗോപാലകൃഷ്ണൻ




**മൊയ്തീൻ പുത്തൻചിറ**

*കോട്ടയം:* മലയാളത്തോടും സംസ്കാരത്തോടുമുള്ള പ്രവാസികളുടെ താൽപര്യം കേരളത്തിൽ ജീവിക്കുന്നവർ കണ്ടു പഠിക്കണമെന്ന് ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ പറഞ്ഞു.

ഫൊക്കാന കേരള കൺവൻഷൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തെക്കുറിച്ചുള്ള ഓർമകളിൽ ജീവിക്കുന്നവരാണ് പ്രവാസികൾ. വ്യത്യസ്തമായ അന്തരീക്ഷത്തിൽ ജീവിക്കുമ്പോഴും ജന്മനാട്ടിലെ ചലനങ്ങൾ അവർ ശ്രദ്ധിക്കുന്നുണ്ട്. രാഷ്ട്രീയമായും സാംസ്കാരികമായും നാടിന്റെ ഭാഗമാകാൻ അവർ നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനാർഹമാണെന്നും അദ്ദേഹം പറഞ്ഞു. ശാന്തിഗിരി ആശ്രമത്തിലെ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തി. മാതൃഭാഷയെ മറക്കാത്ത പ്രവാസികൾ പുതിയ തലമുറയെ കേരള സംസ്കാരത്തിൽ വളർത്തുന്ന കാര്യത്തിൽ ഏറെ താല്പര്യം കാട്ടുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

ചാരിറ്റബിൾ പദ്ധതിയുടെ ഉദ്ഘാടനം രാജു ഏബ്രഹാം എംഎൽഎ നിർവഹിച്ചു. ഫൊക്കാനയുടെ പ്രവർത്തനങ്ങൾ സമാഹരിച്ചുള്ള പ്രസിദ്ധീകരണമായ ഫൊക്കാന ടുഡേ ചടങ്ങിൽ പ്രകാശിപ്പിച്ചു. വിവിധ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭകൾക്ക് കാഷ് അവാർഡും പ്രശസ്തിപത്രവും സമ്മാനിച്ചു. ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ, കവയിത്രി സുഗതകുമാരിക്കുവേണ്ടി മകൾ ലക്ഷ്മി, വ്യവസായി ഇസ്മയിൽ റാവുത്തർ, റോസ് മേരി എന്നിവർ അവാർഡ് ഏറ്റുവാങ്ങി.

ജോൺ.ടി.ജോൺ അധ്യക്ഷത വഹിച്ചു. ഭാരവാഹികളായ വിനോദ്. കെആർകെ, തോമസ് ഏബ്രഹാം, പോൾ, ജോയ് ഇട്ടൻ, ഫിലിപ്പോസ് ഫിലിപ്പ്, പോൾ കറുകപ്പള്ളിൽ എന്നിവരും കമ്മിറ്റി മെമ്പർമാരായ ശ്രീകുമാർ ഉണ്ണിത്താൻ, ലൈസി അലക്സ്, മാധവൻ നായർ, ലീല മാരേട്ട്, ടി.എസ്. ചാക്കോ എന്നിവർ ആശംസകൾ നേർന്നു.

## നവകേരളയ്ക്ക് പുതിയ സാരഥികൾ



*ഫ്ളോറിഡ:* ഇരുപത്തിയൊന്ന് വർഷമായി സൗത്ത് ഫ്ളോറിഡ മലയാളികളുടെ പ്രമുഖ സംഘടനയായ നവകേരള ആർട്സ് ക്ലബിന്റെ 2015-ലെ പുതിയ സാരഥികൾ സ്ഥാനമേറ്റു.

സൺറൈസ് സിറ്റി സെന്ററിൽ വെച്ച് നടന്ന ചടങ്ങിൽ പ്രസിഡന്റായി എബി ആനന്ദ്, 2014-ലെ പ്രസിഡന്റ് റെജി തോമസിന്റെ കൈയിൽ നിന്നും ഔദ്യോഗിക രേഖകൾ കൈപ്പറ്റി സ്ഥാനമേറ്റു.

സെക്രട്ടറി ആന്റണി തോമസ്, ട്രഷറർ സുരേഷ് നായർ, വൈസ് പ്രസിഡന്റ് ജയിംസ് ദേവസ്യ, ജോയിന്റ് സെക്രട്ടറി ജോബി പി.സി, ജോയിന്റ് ട്രഷറർ ശ്രീകുമാർ ഹരിലാൽ എന്നിവരും കമ്മിറ്റി അംഗങ്ങളായി അലക്സ് ഏബ്രഹാം, ആഷാ മാത്യു, ബീനാ ബിജോയി, പ്രിറ്റി ദേവസ്യ, കുര്യൻ തോമസ്, ജിമ്മി ജോസ്, ജിൻസ് തോമസ്, സാന്റി വർഗീസ്, ഷിബു സ്കറിയ എന്നിവരും സ്ഥാനമേറ്റു.

സൗത്ത് ഫ്ളോറിഡയിലെ മലയാളികൾക്കും, പുതിയ തലമുറയ്ക്കും പ്രയോജനപ്രദമായ നിരവധി പരിപാടികൾ ഈവർഷം വിഭാവനം ചെയ്തിട്ടുണ്ടെന്ന് പ്രസിഡന്റ് എബി ആനന്ദ് അറിയിച്ചു.

വാർത്തകൾക്ക്...
Tel: 267-991-211 e-mail
:georgethazhakara@gmail.com

## ഇന്ത്യൻ റിപ്പബ്ലിക് ദിന ചടങ്ങിൽ ഒബാമയോടൊപ്പം സരോജ വർഗീസിന്റെ മകനും

**മൊയ്തീൻ പുത്തൻചിറ**

*ന്യൂയോർക്ക്:* ലോകം ആകാംക്ഷയോടെ വീക്ഷിച്ച ഇന്ത്യയുടെ അറുപത്തിയാറാം റിപ്പബ്ലിക് ദിന ചടങ്ങിൽ വിശിഷ്ടാതിഥിയായി പങ്കെടുത്ത യുഎസ് പ്രസിഡന്റ് ബരാക് ഒബാമയെ അനുഗമിക്കാൻ ഭാഗ്യം സിദ്ധിച്ചത് അമേരിക്കൻ മലയാളി യുവാവിന്.

പ്രശസ്ത സാഹിത്യകാരിയും, അമേരിക്കൻ മലയാളികൾക്ക് ഏറെ സുപരിചിതയുമായ സരോജാ വർഗീസിന്റെ മകൻ മജു വർഗീസാണ് ഡൽഹിയിലെ രാജ്പഥിലൂടെ പ്രസിഡന്റ് ഒബാമയേയും ഭാര്യ മിഷേലിനേയും വഹിച്ച വാഹനവ്യൂഹത്തിൽ ഉണ്ടായിരുന്നത്. ഒബാമയുടെ സ്പെഷ്യൽ അസിസ്റ്റന്റാണ് മജു വർഗീസ്.

മാസച്യുസെറ്റ്സിലെ ആംഹഴ്സ്റ്റ് യൂണിവേഴിസിറ്റിയിൽ നിന്ന് പൊളിറ്റിക്സിൽ ബിരുദം കരസ്ഥമാക്കിയ മജു, മുൻ യുഎസ് വൈസ് പ്രസിഡന്റ് അൽ ഗോറിന്റെ സ്റ്റാഫിൽ അംഗമായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. പിന്നീട് ഹൊഫ്സ്ട്രാ യൂണിവേഴ്സിറ്റിയിൽ നിന്നു നിയമബിരുദം കരസ്ഥമാക്കുകയും വൈറ്റ് ഹൗസിൽ ഒബാമയുടെ 'അഡ്വാൻസ് ടീമിൽ' അംഗമാകുകയും ചെയ്തു. തുടർന്ന്, അഡ്വാൻസ് ടീമിന്റെ ഡപ്യൂട്ടി ഡയറക്ടർ സ്ഥാനത്തേക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും ഒബാമയുടെ സ്പെഷ്യൽ അസിസ്റ്റന്റായി നിയമനം ലഭിക്കുകയും ചെയ്തു.

ഒബാമ ഇന്ത്യ സന്ദർശിക്കുന്നതിന് രണ്ടാഴ്ച മുൻപുതന്നെ മജു ഡൽഹിയിൽ എത്തിയിരുന്നു. പ്രസിഡന്റിന്റെ ആഗമനത്തിനു മുൻപായുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കാനായിരുന്നു അത്. ഒബാമയുടെ ഇന്ത്യാ സന്ദർശനത്തിന്റെ ഭാഗമായി ഡൽഹിയിലുള്ള ഒബാമയുടെ അഡ്വാൻസ് ടീമിൽ മജു വർഗീസിന്റെ സഹോദരീ പുത്രിയും അംഗമാണ്.

മകൻ പ്രസിഡന്റിനോടൊപ്പം ഇന്ത്യൻ റിപ്പബ്ലിക് ദിനത്തിൽ പങ്കെടുക്കുന്നത് ടെലിവിഷനിലൂടെ കണ്ട സരോജാ വർഗീസ് ഇത് അഭിമാനത്തിന്റെ നിമിഷങ്ങളാണെന്ന് അഭിപ്രായപ്പെട്ടു.

## ഫൊക്കാന ടുഡേയുടെ ആദ്യ പതിപ്പ് റിലീസ് ചെയ്തു

**ശ്രീകുമാർ ഉണ്ണിത്താൻ**



*കോട്ടയം:* ഫൊക്കാനയുടെ കാർട്ടർലി ന്യൂസ് പേപ്പർ ആയ ഫൊക്കാന ടുഡേയുടെ റിലീസ് കേരള കൺവെൻഷനോടനുബന്ധിച്ച് കോട്ടയത്തു നടന്നു.

ഫൊക്കാനാ ടുഡേയുടെ ആദ്യപ്രതി ഫൊക്കാന പി ആർഒ ശ്രീകുമാർ ഉണ്ണിത്താൻ കോട്ടയം ഡിസിസി പ്രസിഡന്റ് റ്റോമി കല്ലാനിക്കു നൽകി ഉദ്ഘാടനം നിർവഹിച്ചു. ഫൊക്കാനാ ടുഡേ ചീഫ് എഡിറ്റർ ഗണേഷ് നായർ, പ്രസിഡന്റ് ജോൺ പി. ജോൺ, സെക്രട്ടറി വിനോദ്. കെആർകെ, ട്രഷറർ ജോയി ഇട്ടൻ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, ട്രസ്റ്റി ബോർഡ് ചെയർമാൻ പോൾ കറുകപ്പള്ളി, കമ്മിറ്റിയംഗങ്ങളായ മാധവൻ നായർ, ലിസി അലക്സ്, ലീല മാരാട്ട്, ടി.എസ്. ചാക്കോ എന്നിവരും പങ്കെടുത്തു.

## കെഎച്ച്എൻഎ ഹുസ്റ്റൺ മേഖലാ പ്രതിനിധികളെ പ്രഖ്യാപിച്ചു



*ഹൂസ്റ്റൺ:* കെഎച്ച്എൻഎ ഹ്യുസ്റ്റൺ റീജിയന്റെ വൈസ് പ്രസിഡന്റായി മാധവ്ദാസ് നായരെയും ജനറൽ കൺവീനർമാരായി ഡോ ബിജു പിള്ള, രൂപേഷ് അരവിന്ദാക്ഷൻ, അശോകൻ കേശവൻ എന്നിവരേയും, റീജിയണൽ കോ-ഓർഡിനേറ്റർമാരായി രൂപേഷ് അരവിന്ദാക്ഷൻ, പൊന്നു പിള്ള, സുനിൽ മേനോൻ എന്നിവരേയും തെരഞ്ഞെടുത്തു. കെഎച്ച് എൻഎ ഡാളസിൽ ജൂലൈ നാലിന് നടക്കുന്ന കൺവൻഷനു വേണ്ടിയുള്ള രജിസ്ട്രേഷൻ വിവിധ നഗരങ്ങളിൽ പുരോഗമിക്കുകയാണെന്ന് പ്രസിഡന്റ് ടി എൻ നായർ അറിയിച്ചു.

## സഭകളുടെ ഐക്യസംഗമത്തിന് ഫ്ളോറിഡ വേദിയായി

**അലൻ ജോൺ**



*ഫ്ളോറിഡ:* നോർത്ത് അമേരിക്കൻ മാർത്തോമ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഫ്ളോറിഡയിൽ നടന്ന സഭകളുടെ ഐക്യസംഗമം അവിസ്മരണീയമായി.

വിവിധ ക്രൈസ്തവ സഭകൾ തമ്മിലുള്ള സാഹോദര്യ ബന്ധം ദൃഢപ്പെടുത്തുന്നതിനായി മാർത്തോമ സഭ നോർത്ത് അമേരിക്കൻ ഭദ്രാസനം ആരംഭം കുറിച്ച ആറാം സമ്മേളനമാണ് ഇത്തവണ നടന്നത്. സൗത്ത് ഫ്ളോറിഡയിലെ ക്രൈസ്തവ സഭകളെ ഒന്നിപ്പിച്ച ഈ സമ്മേളനം വിശ്വാസികളുടെ മനസുകളിൽ ഐക്യത്തിന്റെ സന്ദേശം പരത്തി.

ആരാധനയിലെ ആചാരങ്ങളുടെ വൈവിധ്യങ്ങൾ നിലനിൽക്കുമ്പോഴും ക്രിസ്തുവിൽ നാമെല്ലാവരും ഒന്നാണെന്നുള്ള അവബോധത്തെ ഒരിക്കൽക്കൂടി ഊട്ടിയുറപ്പിക്കുവാൻ സാധിപ്പിച്ചത് ഈ വർഷത്തെ എക്യുമെനിക്കൽ സമ്മേളനത്തിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു. ജനുവരി 24ന് ഫ്ളോറിഡയിലെ ടമറാക്ക് കമ്മ്യൂണിറ്റി സെന്ററിൽ നടന്ന കൂട്ടായ്മയിൽ മാർത്തോമ, ഓർത്തഡോക്സ്, കത്തോലിക്കാ, യാക്കോബായ, ക്നാനായ, സിഎസ്ഐ, മലങ്കര തുടങ്ങി എല്ലാ സഭകളിലെയും വികാരിമാരും സഭാ വിശ്വാസികളും പങ്കെടുത്തു.

നോർത്ത് അമേരിക്കൻ മാർത്തോമ സഭയുടെ ഭദ്രാസനാധിപൻ അഭി. ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പാ സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. എപ്പിസ്കോപ്പൽ ചർച്ച് സൗത്ത് ഈസ്റ്റ് റീജിയൻ ബിഷപ് റവ. ലിയോപ്പോഡ് ഫ്രഡേ, ചർച്ച് ഓഫ് നോർത്ത് ഇന്ത്യ റിട്ടയേർഡ് ബിഷപ്പ് റൈറ്റ്. റവ. ഡോ. ജോർജ് നൈനാൻ എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്ത് മുഖ്യസന്ദേശം നൽകി. ഫാ.കുര്യാക്കോസ്, ഫാ.ജോർജ് നൈനാൻ, ഫാ.അഡോപ്പള്ളിൽ ജോസ്, ഡീക്കൻ ജോഷ് തോമസ് തുടങ്ങിയവർ വിവിധ സഭകളെ പ്രതിനിധീകരിച്ച് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സമ്മേളനത്തിൽ പ്രാരംഭ പ്രാർഥനകൾക്ക് എക്യുമെനിക്കൽ സഭാ വൈദികർ നേതൃത്വം നൽകി.

മുൻവർഷത്തെ എക്യുമെനിക്കൽ സമ്മേളനത്തിന്റെ വീഡിയോ പ്രദർശനം, എക്യുമെനിക്കൽ ഗായകസംഘം ആലപിച്ച ശ്രുതിമധുരമായ ഗാനങ്ങൾ, അമേരിക്കയുടെയും ഇന്ത്യയുടെയും ദേശീയ ഗാനാലാപനം, കുട്ടികൾ അവതരിപ്പിച്ച ഗാനങ്ങൾ തുടങ്ങി വൈവിധ്യമാർന്ന പരിപാടികളാൽ തിളക്കമേറിയ ഈ സമ്മേളനത്തിന് എത്തിയ ഏവരെയും ഭദ്രാസന സെക്രട്ടറി റവ. ബിനോയ് ജോസഫ് തോമസ് സ്വാഗതം ചെയ്യുകയും എക്യുമെനിക്കൽ കമ്മിറ്റി മെംബർ മാമ്മൻ സി.ജേക്കബ് നന്ദി രേഖപ്പെടുത്തുകയും ചെയ്തു. സമ്മേളനത്തിൽ പങ്കെടുത്ത ഏവർക്കും സ്നേഹ വിരുന്നും ക്രമീകരിച്ചിരുന്നു.

സൗത്ത് ഫ്ളോറിഡ മാർത്തോമ ഇടവക വികാരി റവ. ജോൺ മാത്യു, എക്യുമെനിക്കൽ പ്രോഗ്രാം കമ്മറ്റി കൺവീനർ ജോർജ് വർഗീസ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ ഇടവകകളിലെ അംഗങ്ങൾ അടങ്ങിയ കമ്മറ്റി ഈ എക്യുമെനിക്കൽ സംഗമത്തിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. ഭദ്രാസന മീഡിയാ കമ്മിറ്റിക്കു വേണ്ടി സഖറിയ കോശി അറിയിച്ചതാണിത്.

## ലണ്ടൻ സെന്റ് മേരീസ് ദേവാലയത്തിൽ കഷ്ടാനുഭവ ആഴ്ച- ഈസ്റ്റർ ആഘോഷങ്ങൾ മാർച്ച് 30 മുതൽ



*ന്യൂജേഴ്സി:* ന്യൂജേഴ്സിയിൽ മാതാവിന്റെ നാമത്തിൽ സ്ഥാപിതമായ ലണ്ടൻ സെന്റ് മേരീസ് ദേവാലയത്തിലെ കഷ്ടാനുഭവ- ഈസ്റ്റർ ആഘോഷങ്ങൾ കണ്ടനാട് ഭദ്രാസന അധിപൻ അഭിവന്ദ്യ ഡോ. തോമസ് മാർ അത്തനാസിയോസ് തിരുമേനിയുടെ മുഖ്യ കാർമികത്വത്തിൽ മാർച്ച് 30 മുതൽ ഏപ്രിൽ അഞ്ചു വരെയുള്ള തീയതികളിൽ നടത്തുമെന്ന് ഇടവക വികാരി ഫാ.സണ്ണി ജോസഫ്, റവ. കോർഎപ്പിസ്കോപ്പ സി. എം.ജോൺ, സെക്രട്ടറി ജേക്കബ് ജോസഫ്, ട്രഷറർ അനീഷ് ചെറിയാൻ, കമ്മിറ്റി അംഗങ്ങളായ എം.സി മത്തായി, ജെയിംസ് നൈനാൻ, രാജുമോൻ തോമസ്, രാജൻ ചീരൻ, ബോബി ടോംസ്, അലക്സ് ജോൺ, നിഷ മത്തായി എന്നിവർ അറിയിച്ചു.

# സൗത്ത് വെസ്റ്റ് റീജിയണൽ ഭദ്രാസന കോൺഫറൻസ് 20, 21 തീയതികളിൽ

**എബി മക്കപ്പുഴ**




*ഡാളസ്:* യുവജന സഖ്യം, സേവികാ സംഘം, ഇടവക മിഷൻ എന്നീ സംഘടനകളുടെ ഏകോപിത സൗത്ത് വെസ്റ്റ് റീജിയണൽ കോൺഫറൻസിന് എല്ലാ പള്ളികളിൽ നിന്നും നല്ല പ്രതികരണം ലഭിക്കുന്നതായി ജനറൽ കൺവീനർമാരായ റവ. ഒ.സി കുര്യൻ, വിനോദ് ചെറിയാൻ എന്നിവർ അറിയിച്ചു.

ഫെബ്രുവരി 20, 21 തീയതികളിൽ ഡാളസ് സെന്റ് പോൾസ് മാർത്തോമ പള്ളിയാണ് ദ്വിദിന കോൺഫറൻസിന് വേദിയാകുന്നത്. സമ്മേളനത്തിന്റെ വിജയത്തിനായി എല്ലാ വിശ്വാസികളുടെയും പ്രാർഥനയും സഹകരണവും ആവശ്യപെട്ടു.

കോൺഫറൻസിന് പേര് രജിസ്റ്റർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ജോളി ബാബു 215 564 3584 എന്ന നമ്പറിൽ ബന്ധപ്പെടുക.

# കെസിഎസ് വിമൻസ് ഫോറം ഹോളിഡേ പാർട്ടി നടന്നു

**ബിനു ഇടകരയിൽ**



*ഷിക്കാഗോ:* ഷിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ പോഷകസംഘടനയായ കെസിഎസ് വിമൻസ് ഫോറത്തിന്റെ ഹോളിഡേ പാർട്ടി അറ്റ്ലാന്റിസ് ബാൻക്വറ്റ് ഹാളിൽ നടന്നു.

ഫാ. അബ്രഹാം മുത്തോലത്ത് അഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. ഷിക്കാഗോ കെസിഎസ് പ്രസിഡന്റ് ജോസ് കണിയാലി, ഫാ. സുനി പടിഞ്ഞാറേക്കര, വിമൻസ് ഫോറം പ്രസിഡന്റ് പ്രതിഭ തച്ചേട്ട്, മുൻ പ്രസിഡന്റ് ചിന്നു തോട്ടം എന്നിവർ പ്രസംഗിച്ചു. ബ്രെൻഡ ഇടുക്കുതറ പ്രാർഥനാഗാനം ആലപിച്ചു. സെക്രട്ടറി ബിനു ഇടകരയിൽ, ജോയിന്റ് സെക്രട്ടറി റ്റീന കുളങ്ങര എന്നിവരായിരുന്നു എംസിമാർ. മുൻ വൈസ് പ്രസിഡന്റ് ജോമോൾ ചെറിയത്തിൽ എംസിമാരെ പരിചയപ്പെടുത്തി. ബെറ്റി മുല്ലപ്പള്ളിൽ റിപ്പോർട്ട് അവതരിപ്പിച്ചു. വൈസ് പ്രസിഡന്റ് ഷീബ മുത്തോലത്ത് സ്വാഗതവും, ട്രഷറർ ബിൻസി പൂത്തുറയിൽ കൃതജ്ഞതയും പറഞ്ഞു. കെസിഎസ് എക്സിക്യൂട്ടീവ് അംഗങ്ങളായ റോയി നെടുംചിറ, ജീനോ കോതാലടിയിൽ, സണ്ണി ഇടിയാലിൽ, സ്റ്റീഫൻ കിഴക്കേക്കുറ്റ് എന്നിവരും സന്നിഹിതരായിരുന്നു. ക്നാനായ വനിതകളുടെ ക്ഷേമത്തിനു വേണ്ടി മുന്നിട്ടു പ്രവർത്തിക്കുമെന്നു പ്രസിഡന്റ് പ്രതിഭാ തച്ചേട്ട് പ്രസ്താവിച്ചു.

മുൻ ഭാരവാഹികളായ ചിന്നു തോട്ടം, ഗ്രേസി വാച്ചാച്ചിറ, ഡെല്ല നെടിയകാലായിൽ, സൂസൻ ഇടുക്കുതറ, ജയ കുളങ്ങര, മേഴ്സി തിരുനെല്ലിപ്പറമ്പിൽ, സാലിക്കുട്ടി കുളങ്ങര, സിബി കടിയംപള്ളി, ജോമോൾ തെക്കനാട്ട്, ചിന്നമ്മ ഞാറവേലിൽ, സിബിയ വിരുത്തിക്കുളങ്ങര, മേയമ്മ വെട്ടിക്കാട്ട്, മേരി കാരാപ്പള്ളി, റൂബി പുത്തൻപറമ്പിൽ എന്നിവരെ ആദരിച്ചു. മഞ്ജു മണപ്പള്ളിൽ ഫോട്ടോഗ്രാഫി കൈകാര്യം ചെയ്തു.

# രവ്നീത് കൗർ കാലിഫോർണിയ കമ്യൂണിറ്റി കോളജ് ഗവർണേഴ്സ് ബോർഡിൽ

**പി. പി. ചെറിയാൻ**



*കാലിഫോർണിയ:* ഇന്ത്യയിൽനിന്ന് അമേരിക്കയിലേക്ക് കുടിയേറിയ രവ് നീത് കൗറിനെ(20) കാലിഫോർണിയ കമ്യൂണിറ്റി കോളജുകളുടെ ഗവർണേഴ്സ് ബോർഡിൽ അംഗമാക്കിക്കൊണ്ടു കാലിഫോർണിയ ഗവർണർ ജെറി ബ്രൗൺ വിജ്ഞാപനം പുറപ്പെടുവിച്ചു.

ഇപ്പോൾ 20 വയസ് പ്രായമുള്ള കൗർ നാലാം വയസിലാണ് അമേരിക്കയിലെത്തിയത്. കാലിഫോർണിയ കമ്യൂണിറ്റി കോളജ് സ്റ്റുഡന്റ് സെനറ്റർ, റിവർസൈഡ് സിറ്റി കോളജ് അസോസിയേറ്റഡ് സ്റ്റുഡൻസ് മെമ്പർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

ഇരുപത് വയസിനുള്ളിൽ കൗർ നേടിയെടുത്ത പ്രശസ്തിയിൽ തങ്ങൾ അഭിമാനിക്കുന്നതായി കാലിഫോർണിയ കമ്യൂണിറ്റി കോളജ് ചാൻസലർ ബ്രിസ് ഹാരിസ് പറഞ്ഞു. ഹെമറ്റ് ഹൈസ്കൂളിൽനിന്നു ഗ്രാജ്വേറ്റ് ചെയ്ത കൗർ റിവർസൈഡ് കമ്യൂണിറ്റി കോളജിൽനിന്നും സയൻസിൽ ബിരുദം നേടി.

മെഡിക്കൽ സ്കൂളിൽ ചേർന്നു ഹൃദയ ശസ്ത്രക്രിയ വിദഗ്ധയാകണമെന്നാണ് ആഗ്രഹിക്കുന്നതെന്ന് കൗർ പറഞ്ഞു. കമ്യൂണിറ്റി കോളേജുകളിൽ പഠിക്കുന്ന വിദ്യാർഥികളുടെ ആവശ്യങ്ങൾ ബോർഡിൽ കൊണ്ടുവന്നു പരിഹരിക്കുന്നതിനു ശ്രമിക്കുമെന്നും കൗർ പറഞ്ഞു.

# ഹൂസ്റ്റൻ എൻഎസ്എസ് മന്നം ജയന്തി ആഘോഷിച്ചു




*ഹൂസ്റ്റൺ:* ഹൂസ്റ്റൺ എൻഎസ്എസ് യോഗത്തിന്റെ നേതൃത്വത്തിൽ മന്നം ജയന്തി ആഘോഷിച്ചു.

മന്നത്തിന്റെ പ്രവർത്തനങ്ങൾ പുതുതലമുറയ്ക്കു പ്രചോദനം പകരുന്നതാവണമെന്ന് പ്രസിഡന്റ് മാധവ് ദാസ് ആമുഖ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. മന്നത്ത് പദ്മനാഭന്റെ ജീവചരിത്രവും അതിന്റെ സമകാലിക പ്രാധാന്യവും വിവരിക്കുന്ന അവതരണം രഞ്ജിത് നായർ നിർവഹിച്ചു. മുൻ പ്രസിഡന്റ് ഹരിഹരൻ നായർ, ആറന്മുള ഗോപാലകൃഷ്ണൻ എന്നിവരും മന്നത്തെ അനുസ്മരിച്ചു സംസാരിച്ചു.

മന്നത്ത് പദ്മനാഭൻ എൻഎസ്എസിനും സമുദായത്തിനുംവേണ്ടി നടത്തിയ പോരാട്ടങ്ങളുടെ ചരിത്രം കുട്ടികൾ തന്മയത്വത്തോടെ അവതരിപ്പിച്ചു. കൃഷ്ണേന്ദു സായിനാഥ്, ആര്യ നായർ, ഹരിനന്ദൻ സായിനാഥ് എന്നിവരാണ് ആചാര്യ അനുസ്മരണം നടത്തിയത്.

എൻഎസ്എസ് അംഗങ്ങൾ എല്ലാവരും മന്നത്തിന്റെ സ്മൃതി ചിത്രത്തിന് മുൻപിൽ പുഷ്പാർച്ചന നടത്തി. തുടർന്ന് കുട്ടികൾക്കും മുതിർന്നവർക്കും പ്രത്യേകം മന്നത്തിന്റെയും എൻഎസ്എസിന്റെയും ചരിത്രത്തെ ആസ്പദമാക്കി പ്രശ്നോത്തരി സംഘടിപ്പിച്ചു. പ്രസിഡന്റ് മാധവ് ദാസ് സമ്മാനവിതരണം നടത്തി. ഹരി ശിവരാമൻ എംസി ആയ ചടങ്ങിൽ സെക്രട്ടറി അജിത് നായർ അധ്യക്ഷത വഹിച്ചു.



*ന്യൂയോർക്ക്:* സാറാ ഗബ്രിയേൽ പ്രസിഡന്റായി നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നഴ്സസ് ഓഫ് അമേരിക്ക (നൈന)യുടെ പുതിയ ഭരണസമിതി അംഗങ്ങൾ.

എക്സിക്യൂട്ടിവ് വൈസ് പ്രസിഡന്റ് ജാക്കി മൈക്കിൾ, വൈസ് പ്രസിഡന്റ് ബീന വള്ളിക്കളം, സെക്രട്ടറി മേരി ഏബ്രഹാം (ശാന്തി) ട്രഷറർ മറിയാമ്മ കോശി.

**- ജോസ് കാടാപുറം**

# ക്ലീവ്ലാൻഡ് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയ്ക്കു സ്വന്തമായി ദേവാലയം

*ഒഹായോ:* ക്ലീവ്ലാൻഡിലെ ഒഹായോ സെന്റ് ഗ്രിഗോറിയോസ് മലങ്കര ഓർത്തഡോക്സ് ഇടവക 2014 ഡിസംബർ അവസാന വാരത്തിൽ സ്വന്തമായി ദേവാലയം വാങ്ങി.

മെട്രോ ക്ലീവ്ലാൻഡ് ഭാഗമായ മാസിഡോണിയ നഗരകേന്ദ്രത്തിലാണു പുതിയ ദേവാലയം സ്ഥിതിചെയ്യുന്നത്. അഞ്ച് ഏക്കർ സ്ഥലത്തിനുള്ളിൽ 1987-ൽ പണികഴിപ്പിച്ച അയ്യായിരം ചതുരശ്ര അടി വിസ്തീർണമുള്ള ദേവാലയമാണു ദൈവകൃപയാൽ വാങ്ങാൻ സാധിച്ചതെന്ന് വികാരി ഫാ. ജയിംസ് ചെറിയാനും കമ്മിറ്റി അംഗങ്ങളും അറിയിച്ചു.

ഒഹായോയിൽ ഇന്ത്യൻ വംശജരായ ക്രിസ്ത്യാനികളുടെ ആദ്യ ദേവാലയമാണിത്.

പരുമല തിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായ വളരെ ചെറിയ ഈ ഇടവക 1990-കളുടെ തുടക്കംമുതൽ മുടങ്ങാതെ വിശുദ്ധ കുർബാനയും പ്രാർഥനായോഗങ്ങളും നടത്തിവരുന്നു. തൊണ്ണൂറുകളുടെ അവസാനത്തോടെ കുർബാന അർപ്പണം മാസത്തിൽ ഒന്നുവീതവും പിന്നീട് 2004 മുതൽ രണ്ടു തവണ എന്ന രീതിയിലും ക്രമീകരിച്ചു. 2009-ൽ സൗത്ത് അമേരിക്കൻ ഭദ്രാസനാധിപൻ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത ഈ കോൺഗ്രിഗേഷനെ ഇടവകയായി ഉയർത്തി. റവ.ഫാ. ജെയിംസ് ചെറിയാൻ 2012 മുതൽ ഇടവക വികാരിയായി സേവനം അനുഷ്ഠിക്കുന്നു.

മാത്യു വി. തോമസ് (ട്രസ്റ്റി), ജോയ്സ് ജോസഫ് (സെക്രട്ടറി), ഡോ. തോമസ് പി. മാത്യു (ഡയോസിഷൻ കൗൺസിൽ പ്രതിനിധി), ഏബ്രഹാം പന്നിക്കോട്ട് (ബിൽഡിംഗ് കമ്മിറ്റി കൺവീനർ), ഷിനോയ് വർഗീസ്, ഷിബി തോമസ്, സുബിൻ ജോർജ് എന്നിവരാണ് മാനേജിംഗ് കമ്മിറ്റിയംഗങ്ങൾ.

ഗ്രേറ്റർ ക്ലീവ്ലാൻഡിലും സമീപ പ്രദേശങ്ങളായ കൊളംബസ്, സിൻസിനാറ്റി, പിറ്റ്സ്ബർഗ് നഗരങ്ങളിലും താമസിക്കുന്ന എല്ലാ ജനങ്ങൾക്കും ഈ ദേവാലയം അനുഗ്രഹപ്രദമായിത്തീരും എന്ന പ്രത്യാശയോടെ വികാരിയും ഇടവകാംഗങ്ങളും എല്ലാവരുടെയും പ്രാർഥനയും സഹകരണവും അഭ്യർഥിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: www.stgregorioscleveland.org

# നിര്യാതരായി

## രാജശേഖരൻ നായർ



ഡാളസ്: രാജശേഖരൻ നായരുടെ (72) നിര്യാണത്തിൽ കേരളാ ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക അനുശോചിച്ചു.

സുശീലാമ്മയാണ് ഭാര്യ.

കെഎച്ച്എൻഎയുടെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഡോ. നിഷാ പിള്ള, നാഷണൽ കമ്മിറ്റി അംഗം നിഷാന്ത് നായർ എന്നിവർ മക്കളാണ്. നിര്യാണത്തിൽ കേരളാ ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക പ്രസിഡന്റ് ടി.എൻ. നായർ അനുശോചനം രേഖപ്പെടുത്തി.

## വർഗീസ് പൗലോസ്



*ചാറ്റനൂഗ:* വെണ്ണിക്കുളം മലയിൽ വരിക്കാനിക്കൽ പരേതനായ വർഗീസ് പൗലോസിന്റെ സഹധർമ്മിണി അന്നമ്മ പൗലോസ് (82) ബുധനാഴ്ച ചാറ്റനൂഗയിലുള്ള മകളുടെ ഭവനത്തിൽ നിര്യാതയായി.

മക്കൾ: ഏലിയാമ്മ തോമസ്, (വെണ്ണിക്കുളം), സാറാമ്മ രാജൻ (ചാറ്റനൂഗ), മറിയാമ്മ എബി (ചാറ്റനൂഗ),വർഗീസ് ജോൺ(ചാറ്റനൂഗ), മാത്യു ജോൺ (യോങ്കെഴ്സ്, ന്യൂയോർക്ക് ), ഡെയ്സി കോശി (ഫ്ളോറിഡ).

മരുമക്കൾ: വി ബി തോമസ്, (വെണ്ണിക്കുളം), രാജൻ സാമുവേൽ (ചാറ്റനൂഗ), എബി ദാനിയേൽ (ചാറ്റനൂഗ), റീജ വർഗീസ് (ചാറ്റനൂഗ), ലീല മാത്യു (യോങ്കെഴ്സ്, ന്യൂയോർക്ക് ), എബി കോശി (ഫ്ളോറിഡ).

കൊച്ചുമക്കൾ: സിനു, ഷിബു (വെണ്ണിക്കുളം), റിജു, റിൻസി (ചാറ്റനൂഗ), ആഷിഷ്, ആശ (ചാറ്റനൂഗ), ബിജിൽ, ജിബിൻ, റിജിൽ (ചാറ്റനൂഗ), സാറ (യോങ്കെഴ്സ്, ന്യൂയോർക്ക്), ജയിൻ, ജെസിൻ, ജയ്മിൻ (ഫ്ളോറിഡ).

സംസ്കാരശുശ്രൂഷ: ശനിയാഴ്ച രാവിലെ ഒമ്പതിന് ഹെറിറ്റേജ് ഫ്യൂണറൽ ഹോമിൽ (7454 East Brained Road Chattanooga, TN 37421) ആരംഭിക്കും. ശുശ്രൂഷകൾക്ക് ചാറ്റനൂഗ മാർത്തോമ കോൺഗ്രിഗേഷൻ വികാരി റവ. പി.എസ് തോമസ്, ചാറ്റനൂഗ സെന്റ് പോൾസ് ഓർത്തോഡോക്സ് ചർച്ച് വികാരി ഫാ. ജോൺസൺ പുഞ്ചക്കോണം എന്നിവർ നേതൃത്വം നൽകും. സംസ്കാരം: Ooltewah CEMETERY,Ooltewah Harison Road,Chattanooga, TN 37363 . അനുശോചനത്തിന്: എബി ദാനിയേൽ (423) 3131992.

## തങ്കമ്മ തര്യൻ



*കൊല്ലം:* കുണ്ടറ പെരുമ്പുഴ കെട്ടിടത്തിൽ കുടുംബാംഗം പരേതനായ തര്യൻ മത്തായിയുടെ ഭാര്യ തങ്കമ്മ തര്യൻ (91) നിര്യാതയായി. സംസ്കാരം ഫെബ്രുവരി ഒന്ന് ഞായറാഴ്ച മാതൃഇടവകയായ പെരുമ്പുഴ സെന്റ് ജോൺസ് മലങ്കര ഓർത്തഡോക്സ് പള്ളി സെമിത്തേരിയിലെ കുടുംബ കല്ലറയിൽ നടക്കും. പരേത പെരിനാട് കുഴിഞ്ഞിഴികത്ത് കുടുംബാംഗമാണ്.

മക്കൾ: തര്യൻ കുഞ്ഞുകുട്ടി, ജോൺസൺ തര്യൻ, ജോളി ഇടിക്കുള, സൈമൺ തര്യൻ, ജോസ് മോൻ തര്യൻ (എല്ലാവരും സ്റ്റാറ്റൻഐലന്റ്, ന്യൂയോർക്ക്), മാത്തുക്കുട്ടി തര്യൻ (പെരുമ്പുഴ).

മരുമക്കൾ: അമ്മിണി കുഞ്ഞുകുട്ടി, ഏലിക്കുട്ടി ജോൺസൺ, ഇടിക്കുള ചാക്കോ, ഡോളി സൈമൺ, ലത ജോസ്മോൻ (എല്ലാവരും സ്റ്റാറ്റൻഐലന്റ്, ന്യൂയോർക്ക്), കുഞ്ഞമ്മ മാത്തുക്കുട്ടി (പെരുമ്പുഴ). പതിമൂന്ന് പേരക്കുട്ടികളുണ്ട്

സ്റ്റാറ്റൻഐലന്റ് സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് പള്ളി വികാരി റവ.ഫാ. അലക്സ് കെ. ജോയി, എക്യൂമെനിക്കൽ കൗൺസിൽ പ്രസിഡന്റ് റവ.ഫാ. ചെറിയാൻ മുണ്ടയ്ക്കൽ, മലയാളി അസോസിയേഷൻ ഓഫ് സ്റ്റാറ്റൻഐലന്റ് പ്രസിഡന്റ് എസ്.എസ്. പ്രകാശ്, കേരള സമാജം പ്രസിഡന്റ് ജോയിക്കുട്ടി ജോർജ് എന്നിവർ പരേതയുടെ നിര്യാണത്തിൽ അനുശോചിച്ചു.

ബിജു ചെറിയാൻ അറിയിച്ചതാണിത്.

# ഷാർലെറ്റ്സ് വിൽ മലയാളി അസോസിയേഷൻ ക്രിസ്മസ്–പുതുവത്സരാഘോഷങ്ങൾ നടത്തി



*വിർജീനിയ:* ഷാർലെറ്റ്സ് വിൽ മലയാളി അസോസിയേഷൻ ക്രിസ്മസ്-പുതുവത്സരാഘോഷങ്ങൾ ജനുവരി 24ന് വർണാഭമായി ആഘോഷിച്ചു.

നൂറോളം പേർ പങ്കെടുത്ത പരിപാടി വിവിധ കലാപരിപാടികളാൽ ശ്രദ്ധിക്കപ്പെട്ടു. ക്രിസ്മസ് ഗാനങ്ങളോടൊപ്പം പഞ്ചാബി ഭംഗ്ര ഡാൻസ്, കുട്ടികളുടെ ബോളിവുഡ് ഡാൻസ്, സ്ത്രീകളുടെ കിച്ചൻ ഡാൻസ് എന്നിവയും അരങ്ങേറി.

കലാപരിപാടികൾക്ക് ദിവ്യ ബാബു നേതൃത്വം നൽകി. അസോസിയേഷനുവേണ്ടി ഭാരവാഹികളായ ആന്റോച്ചൻ കൂലിപ്പുരയ്ക്കൽ, ഷാജി രാഘവൻ എന്നിവർ പ്രസംഗിച്ചു. ജെയിംസ് ഡേവിഡ് സ്വാഗതവും, ബിജു വർഗീസ് കൃതജ്ഞതയും രേഖപ്പെടുത്തി. പരിപാടികൾക്കുശേഷം നടന്ന ക്രിസ്തുമസ് ഡിന്നർ ഏവർക്കും ആസ്വാദ്യകരമായിരുന്നു. ബിജു വർഗീസ് അറിയിച്ചതാണിത്.

# ഗർഭഛിദ്രത്തിനു ഫെഡറൽ ധനസഹായം നിർത്തലാക്കുന്ന ബിൽ പാസായി

**പി.പി ചെറിയാൻ**

*വാഷിംഗ്ടൺ:* ഗർഭഛിദ്രം നടത്തുന്നതിനു ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതിയനുസരിച്ച് നൽകി വന്നിരുന്ന ഫെഡറൽ ധനസഹായം പൂർണമായും നിരോധിച്ചുകൊണ്ടുള്ള ബിൽ യുഎസ് ഹൗസ് ജനുവരി 22നു പാസാക്കി.

റിപ്പബ്ലിക്കൻ പാർട്ടിക്കു ഭൂരിപക്ഷമുള്ള യുഎസ് ഹൗസിൽ 242 വോട്ടുകൾ അനുകൂലമായി ലഭിച്ചപ്പോൾ 179 പേരാണ് എതിർത്ത് വോട്ട് ചെയ്തത്. ഗർഭ ഛിദ്രം നടത്തുന്നതു സ്ത്രീകളുടെ അവകാശമാണെന്ന വാദം ഡെമോക്രാറ്റുകൾ ഉന്നയിച്ചുവെങ്കിലും ഭൂരിപക്ഷം ലഭിച്ചില്ല.

യുഎസ് ഹൗസിൽ ബില്ലിനെക്കുറിച്ചുള്ള ചർച്ചകൾ നടക്കുമ്പോൾ ബില്ലിനനുകൂലമായും പ്രതികൂലമായും പുറത്ത് പ്രകടനങ്ങൾ നടന്നിരുന്നു.

യുഎസ് ഹൗസ് പാസാക്കിയ ഈ ബിൽ പ്രസിഡന്റ് ഒബാമ വീറ്റോ ചെയ്യാൻ സാധ്യതയുണ്ടെന്നു വൈറ്റ്ഹൗസ് വൃത്തങ്ങൾ വെളിപ്പെടുത്തി.

കുറഞ്ഞ വരുമാനക്കാർക്കു ഫെഡറൽ സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയനുസരിച്ച് ലഭിക്കുന്ന ധനസഹായവും ഗവൺമെന്റ് നടത്തുന്ന ഹെൽത്ത് ക്ലിനിക്കുകൾക്കുള്ള സഹായവും ബിൽ പാസായതോടെ നിർത്തലാകും. ഗർഭഛിദ്രത്തെ എതിർക്കുന്ന ഗ്രൂപ്പ് ബിൽ പാസായതിൽ ആഹ്ലാദം പ്രകടിപ്പിച്ചപ്പോൾ അനുകൂലിക്കുന്നവർ തീർത്തും നിരാശരാണ്. ഒബാമയുടെ അടുത്ത നടപടി എന്തായിരിക്കുമെന്നാണ് എല്ലാവരും കാത്തിരിക്കുന്നത്.

# ശ്യാം നാരായണൻ, ശ്രേയ റെഡ്ഡി: ഗണിതശാസ്ത്ര മത്സരത്തിൽ പങ്കെടുക്കാൻ അർഹത നേടി

**പി.പി ചെറിയാൻ**



*സാൻ ആന്റോണിയ (ടെക്സസ്):* കാൻസസിൽനിന്നുള്ള ശ്യാം നാരായണൻ, ടെക്സസിൽനിന്നുള്ള ശ്രേയ റെഡ്ഡി എന്നിവർക്ക് 2015 നാഷണൽ മാത്തമാറ്റിഷ്യൻ മത്സരത്തിൽ പങ്കെടുക്കുന്നതിന് അർഹത നേടി.

കാൻസ്സ് ബ്ലൂവാലി വെസ്റ്റ് ഹൈസ്കൂളിൽനിന്ന് ശ്യാം നാരായണനും ഡ്യൂലസ് ഹൈസ്കൂളിൽനിന്ന് ശ്രേയ റെഡ്ഡിയും രണ്ടു പ്രാഥമിക മത്സരങ്ങളിൽ വിജയികളായതിനെത്തുടർന്നാണു തെരഞ്ഞെടുക്കപ്പെട്ടത്.

നാഷണൽ മത്സരത്തിൽ പങ്കെടുക്കുന്നതിനു ദേശീയാടിസ്ഥാനത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ 11 പേർക്കാണ് അർഹത ലഭിച്ചത്. ഇതിൽ ഇന്ത്യൻ വിദ്യാർഥികളായി ഇവർ രണ്ടു പേർ മാത്രമാണുള്ളത്.

നാലാംതവണയാണു ശ്യാം നാരായണൻ ദേശീയ മത്സരത്തിൽ പങ്കെടുക്കുന്നത്. 2012, 2013, 2014 ലും. ശ്രേയ റെഡ്ഡി ആദ്യമായാണു മത്സരത്തിൽ പങ്കെടുക്കുന്നത്. സ്കൂൾ ഓർക്കസ്ട്ര, സോക്കർ, ടെന്നീസ് ടീമുകളിൽ അംഗമാണ് ശ്രേയാ റെഡ്ഡി.

# സഹൃദയ ചാരിറ്റി ഫണ്ട് ഉദ്ഘാടനം ചെയ്തു

**പി.പി ചെറിയാൻ**

*ഡാളസ്:* പ്രവസി മലയാളികൾക്കിടയിൽ ആശയും ആവേശവും പകർന്നുകൊണ്ട് കേരള മണ്ണിലെ അശരണർക്കു സഹായമെത്തിക്കാൻ ഡാളസ് സൗഹൃദ വേദി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മാതൃകയാകുന്നു.

ജനുവരി 24 ന് സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളി ഓഡിറ്റോറിയത്തിൽ നടന്ന ഡാളസ് സൗഹൃദവേദിയുടെ രണ്ടാം വാർഷിക ആഘോഷവേളയിൽ മലയാള ഭാഷാസ്നേഹിയും പ്രവാസി ലോകത്തെ അറിയപ്പെടുന്ന നോവലിസ്റ്റുമായ ഏബ്രഹാം തെക്കേമുറി ചാരിറ്റി ഫണ്ട് ഉദ്ഘാടനം ചെയ്തു.

ഫിലിപ് തോമസ് സിപിഎ ഫണ്ടിലേക്കു സംഭാവന ചെയ്ത ആദ്യ ചെക്ക് അദ്ദേഹത്തിന്റെ അഭാവത്താൽ ബന്ധുവായ നൈനാൻ വർഗീസിന്റെ പക്കൽ നിന്നും വാങ്ങിക്കൊണ്ടായിരുന്നു ഉദ്ഘാടനം. ഡാളസ് സൗഹൃദ വേദിയുടെ ജീവ കാരുണ്യ പ്രവർത്തനങ്ങൾക്കായി ഏബ്രഹാം തെക്കേമുറി, ഫേസ്മേഡ് ഫാർമസിയുടമ സായ് ഭാസ്കർ എന്നിവർ സംഭാവനകൾ പ്രസിഡന്റ് എബി തോമസിനെ ഏൽപ്പിച്ചു.

വർണ പൊലിമയേറിയ ആഘോഷ ചടങ്ങിൽ പ്രസിഡന്റ് എബി തോമസ് അധ്യക്ഷത വഹിച്ചു.

സെക്രട്ടറി അജയകുമാർ പരിപാടിയിൽ പങ്കെടുത്തവർക്കു സ്വാഗതം നേർന്നു.

യോഗത്തിൽ റവ. ഡോ. രഞ്ജൻ റോയ് മാത്യു മുഖ്യാതിഥിയായി പങ്കെടുത്ത് സൗഹൃദവേദിയുടെ ജീവ കാരുണ്യ പ്രവർത്തനങ്ങൾക്ക് ആശംസ നേർന്നു.



റിപ്പബ്ളിക് ദിന ഫീച്ചർ

# മേക്ക് ഇൻ ഇന്ത്യ- പ്രതിരോധ മേഖലയിൽ

**മനോഹർ പരീക്കർ**
**കേന്ദ്ര പ്രതിരോധ മന്ത്രി**



പ്രതിരോധ ആവശ്യങ്ങൾക്ക് സ്വാശ്രയത്വം കൈവരിക്കുകയും, വിദേശ രാജ്യങ്ങളിന്മേലുള്ള ആശ്രിതത്വം കുറയ്ക്കുകയും ചെയ്യുക എന്നതു സാമ്പത്തികവും, തന്ത്രപരവുമായ കാരണങ്ങളാൽ ഇന്ന് ആവശ്യമായി തീർന്നിരിക്കുകയാണ്.

നമ്മുടെ സായുധ സേനകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മുൻ ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങൾ, ഓർഡനൻസ് ഫാക്ടറികൾ എന്നിവ വഴി ഉല്പാദന യോഗ്യമായ സ്ഥാപനങ്ങൾ സൃഷ്ടിച്ചിരുന്നു. എന്നാൽ വിവിധ ഇനം പ്രതിരോധ സാമഗ്രികളുടെ ഉൽപാദനവും, ശേഷിയും വർദ്ധിപ്പിക്കുന്നതിന് രാജ്യത്തെ സ്വകാര്യമേഖലയുടെ പങ്ക് വിപുലപ്പെടുത്തേണ്ടതുണ്ട്.

വിവിധ ഇനങ്ങളുടെ ആഭ്യന്തര ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിന് നമ്മുടെ പ്രധാനമന്ത്രി മേക്ക് ഇൻ ഇന്ത്യഎന്ന രൂപത്തിൽ ഒരു സുപ്രധാന സംരംഭത്തിന് തുടക്കമിട്ടിട്ടുണ്ട്. പ്രതിരോധ ഉപകരണങ്ങളുടെ ആഭ്യന്തര ഉൽപാദനം എന്നത് മറ്റേതു മേഖലയെക്കാളും പ്രധാനമാണ്. കാരണം വിലപ്പെട്ട വിദേശനാണ്യം ചെലവാകില്ലെന്ന് മാത്രമല്ല ദേശസുരക്ഷയെ ബാധിക്കുന്ന കാര്യങ്ങളും അതിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നതു കൂടിയാണ്.

പ്രതിരോധ മേഖലയിലെ ഉപഭോക്താവ് ഗവൺമെന്റ് മാത്രമാണെന്നിരിക്കെ, ഈ രംഗത്തെ മേക്ക് ഇൻ ഇന്ത്യയെ നയിക്കുന്നത് സംഭരണ നയം തന്നെ ആയിരിക്കും. പ്രതിരോധ രംഗത്ത് ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുക എന്ന നയത്തിന്റെ പ്രതിഫലനമാണ് പ്രതിരോധ സംഭരണ നയത്തിൽ ഇന്ത്യൻ ഉൽപന്നങ്ങൾക്കും നിർമ്മിതികൾക്കും, വിദേശത്തു നിന്നുള്ളവയേക്കാൾ മുൻഗണന നൽകിയിട്ടുള്ളത്. വരുംനാളുകളിൽ, ഇറക്കുമതി എന്നതു അപൂർവ്വങ്ങളിൽ അപൂർവ്വമായിരിക്കും. ആവശ്യമായവ വികസിപ്പിച്ച് നിർമ്മിക്കാൻ ആദ്യ അവസരം ഇന്ത്യൻ വ്യാവസായിക മേഖലയ്ക്ക് തന്നെ ആയിരിക്കും നൽകുക. ഇന്നത്തെ നിലയ്ക്ക് സാങ്കേതികമായി വേണ്ടത്ര ശേഷി ഇല്ലാത്തതിനാൽ അവയെ വിദേശ കമ്പനികളുമായി സംയുക്ത സംരംഭങ്ങൾക്കോ, സാങ്കേതികത കൈമാറ്റ സംവിധാനങ്ങൾക്കോ വേണ്ടി പ്രോത്സാഹിപ്പിക്കാറുണ്ട്.

പ്രതിരോധ സാമഗ്രികൾ വാങ്ങാൻ അനുമതി നൽകുന്ന ഡിഫൻസ് അക്വിസിഷൻ കൗൺസിൽ നൽകിയ അനുമതി പ്രകാരം കേന്ദ്രത്തിൽ പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഏതാനും മാസങ്ങൾക്കകം തന്നെ 65,000 കോടി രൂപയുടെ നിർദ്ദേശങ്ങൾ ഇന്ത്യൻ ഉൽപ്പന്നങ്ങൾ വാങ്ങൂ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി. പ്രതിരോധ രംഗത്തു ആഭ്യന്തര നിർമ്മാണം പ്രോത്സാഹിപ്പിക്കുന്ന നയം ഭാവിയിലും തുടരും.

ഉപകരണങ്ങൾ വാങ്ങുന്നത് കൂടുതൽ കാര്യക്ഷമവും സമയബന്ധിതവുമാക്കണം. അങ്ങനെയായാൽ സായുധ സേനയുടെ ആവശ്യത്തിനനുസരിച്ച് ഗവേഷണ, വികസന പ്രവർത്തനങ്ങൾ നടത്താൻ വ്യാവസായിക മേഖലയ്ക്ക് സാധിക്കും.

നിലവിൽ ആഭ്യന്തര വ്യവസായ മേഖലയ്ക്ക് പ്രതിരോധ രംഗത്ത് പ്രവേശിക്കുന്നതിന് ലൈസൻസിങ്, നേരിട്ടുള്ള വിദേശ നിക്ഷേപ നിയന്ത്രണം എന്നിവയടക്കം നിരവധി പ്രതിബന്ധങ്ങളുണ്ട്. കഴിഞ്ഞ ആറുമാസത്തിനിടെ പ്രതിരോധ രംഗത്ത് നിരവധി പരിഷ്ക്കാരങ്ങളാണ് ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ളത്. ഇതിൽ പ്രധാനം നേരിട്ടുള്ള വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കാനുള്ള നടപടികളാണ്. ഗവൺമെന്റ് തലത്തിൽ 49% വരെ നേരിട്ടുള്ള വിദേശ നിക്ഷേപം പ്രതിരോധ മേഖലയിൽ അനുവദിക്കും. സുരക്ഷാകാര്യങ്ങൾക്കുള്ള കേന്ദ്രമന്ത്രി സഭാസമിതിയുടെ ശുപാർശ ഉണ്ടെങ്കിൽ 49 ശതമാനത്തിൽ കൂടുതൽ വിദേശ നിക്ഷേപം അനുവദിക്കും. ആധുനിക സാങ്കേതിക വിദ്യ സ്വായത്തമാക്കാൻ സഹായിക്കുന്ന നിർദ്ദേശങ്ങൾക്കാണ് ഇതിൽ മുൻഗണനാ നൽകുക. ഫോറിൻ ഇൻസ്റ്റിറ്റ്യൂഷൻ ഇൻവെസ്റ്റ്മെന്റ് (എഫ്.ഐ.ഐ.) സംബന്ധിച്ച് നേരത്തെ നിലവിലുണ്ടായിരുന്ന നിയന്ത്രണങ്ങളും ഭൂരിപക്ഷം ഓഹരികളും ഒരു ഇന്ത്യൻ ഓഹരിയുടമയുടെ പേരിലായിരിക്കണമെന്ന വ്യവസ്ഥയും ഒഴിവാക്കി.

2001-ൽ സ്വകാര്യമേഖലാ വ്യവസായങ്ങൾക്ക് പ്രതിരോധ മേഖലയിൽ പ്രവേശിക്കാൻ അനുമതി നൽകിയിരുന്നെങ്കിലും ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് & റെഗുലേഷൻ ആക്ട് അനുസരിച്ച് ലൈസൻസ് നേടിയവർക്കാണ് ഈ അനുമതി. വ്യവസായ ലൈസൻസ് കിട്ടുക എന്നത് പ്രയാസമേറിയ ഒരു ജോലിയായിത്തന്നെ തുടർന്നു. പ്രത്യേകിച്ചും ചെറിയ ഘടകങ്ങൾ, അനുബന്ധഘടകങ്ങൾ എന്നിവ. ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് ലൈസൻസിംഗ് നടപടികൾ പരിഷ്ക്കരിച്ച് ഗവൺമെന്റ് ഘടകങ്ങൾ, അസംസ്കൃത വസ്തുക്കൾ, പരീക്ഷണ ഉപകരണങ്ങൾ,ഉൽപ്പാദന യന്ത്രങ്ങൾ, കാസ്റ്റിംഗ്സ്, ഫോജി ങ്സ് എന്നിവയെ ലൈസൻ സിന്റെ പരിധിയിൽ നിന്ന് ഒ ഴിവാക്കി. ഇത്തരം ഭാഗങ്ങൾ നിർമ്മിക്കുന്ന കമ്പനികൾ ഇനി വ്യവസായ ലൈസൻസ് എടുക്കേണ്ടതില്ല. 49% വിദേശനിക്ഷേപമെന്ന പരിധിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. വിവിധ വ്യവസായങ്ങളിൽ ഉറപ്പുവരുത്തേണ്ടുന്ന സുരക്ഷാവ്യവസ്ഥകൾ ഉൾപ്പെടുത്തി പ്രത്യേക സുരക്ഷാ മാന്വൽ തയ്യാറാക്കിയിട്ടുണ്ട്. വ്യവസായ ലൈസൻസിന്റെ കാലാവധി രണ്ടു വർഷത്തിൽ നിന്ന് മൂന്നു വർഷമായി ഉയർത്തി.



ഇതാദ്യമായി ഒരു പ്രതിരോധ കയറ്റുമതിനയം ഗവൺമെന്റ് പ്രഖ്യാപിച്ചു. ഇത് പൊതുജനങ്ങൾക്കായി പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രതിരോധ ഉപകരണങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയരൂപീകരണം ലക്ഷ്യമിട്ടാണിത്. ആഭ്യന്തര ആവശ്യം മാത്രം മുൻനിർത്തി വ്യവസായത്തിന് വളരാനാവില്ലെന്ന തിരിച്ചറിവിലാണിത്. മിലിട്ടറി ഉപകരണങ്ങളുടെ കയറ്റുമതിക്ക് കുറ്റമറ്റ ഏകീകൃത പ്രവർത്തന മാർക്ഷനിർദ്ദേശ ചട്ടവും നിശ്ചയിച്ചിട്ടുണ്ട്.

ആഭ്യന്തര വ്യവസായത്തിൽ കയറ്റുമതിയെ ഇത് വലിയതോതിൽ പോഷിപ്പിക്കും. സായുധസേനാ കലവറകൾക്കുള്ള എൻ.ഒ.സി അപേക്ഷകൾ സ്വീകരിക്കാൻ വെബ്ബ്അധിഷ്ഠിത ഓൺലൈൻ സംവിധാനം വികസിപ്പിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്തു. ഇത് ആഭ്യന്തര-വിദേശ നിക്ഷേപകർക്ക് പ്രതിരോധ മേഖലയിൽ വലിയ അവസരമാണ് സൃഷ്ടിക്കുന്നത്. 39 ശതകോടി യു.എസ്. ഡോളർ വാർഷിക ബജറ്റ് നീക്കിവെയ്ക്കുന്ന ഇന്ത്യയുടെ സായുധസേന ലോകത്തെ മൂന്നാമത്തേതാണ്. ഇതിന്റെ 40 ശതമാനവും വിനിയോഗിക്കുന്നത് മൂലധനം ഏറ്റെടുക്കാനാണ്. ഇപ്പോഴുള്ള മേക്ക് ഇൻ ഇന്ത്യ നയപ്രകാരം അടുത്ത ഏഴു മുതൽ എട്ടു വർഷം കൊണ്ട് നമ്മുടെ സായുധസേന ആധുനികവൽക്കരിക്കുന്നതിനായി 130 ശതകോടി യു.എസ്.ഡോളർ തുക നിക്ഷേപിക്കും. ഈ അവസരം വാണിജ്യത്തിന്റെയും രാഷ്ട്രത്തിന്റെയും ലാഭത്തിനുവേണ്ടി വിനിയോഗിക്കുക എന്നുള്ളത് ഇപ്പോൾ വ്യവസായങ്ങളുടെ ഉത്തരവാദിത്വമാണ്. കൂടാതെ അടുത്ത ഏഴു മുതൽ എട്ടു വർഷം കൊണ്ട് 25,000 കോടി രൂപയുടെ ഉടമ്പടികൾ ഇതിനു കീഴിൽവരും.

മറ്റൊരു വിധത്തിൽ സംഭരണം, നേരിട്ടുള്ള വിദേശ നിക്ഷേപമടക്കമുള്ള നിക്ഷേപങ്ങൾ, ലൈസൻസിംഗ്, കയറ്റുമതി എന്നിവയുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ആവശ്യമായ നയമാറ്റങ്ങൾ വരുത്തുന്നു. ആവശ്യമായ നിക്ഷേപങ്ങളിലും സാങ്കേതിക വിദ്യകളുടെ നിലവാരമുയർത്തലുകൾക്കുള്ള വെല്ലുവിളികൾ ഏറ്റെടുക്കാൻ വ്യവസായങ്ങൾ മുന്നോട്ട് വരേണ്ടതാണ്. പുതുമ ആവശ്യപ്പെടുന്നതുംവൻ നിക്ഷേപങ്ങളും സാങ്കേതിക വിദ്യയും ആവശ്യമുള്ളതുമായ മേഖലയാണ് പ്രതിരോധം. താൽക്കാലിക ലാഭത്തേക്കാൾ, ദീർഘകാലാടിസ്ഥാനത്തിലുള്ള നേട്ടങ്ങൾ ലക്ഷ്യമാക്കി വ്യവസായങ്ങളെക്കുറിച്ചുള്ള ചിന്തകളിലും മനോഭാവത്തിലും മാറ്റംവരുത്തണം. ഉൽപ്പാദന പ്രാപ്തിയിലും ഗവേഷണത്തിലും വികസനത്തിലും നാം കൂടുതൽ ശ്രദ്ധ ചെലുത്തണം.

സ്വകാര്യ-പൊതു മേഖലയിലേതുൾപ്പെടെ എല്ലാ വ്യവസായങ്ങളുടെയും ഉയർച്ചയ്ക്കുള്ള അനുകൂല സാഹചര്യം ഒതുക്കുന്നതിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

പ്രഭാഷണം

# വ്യത്യസ്ത രാമായണങ്ങൾ

ഡോ. പുതുശ്ശേരി രാമചന്ദ്രൻ






**ഭാ**രതത്തിലുണ്ടായ ഇതിഹാസങ്ങളിൽ ഒന്നാം നിരയിൽ നിൽക്കുന്നത് വാല്മീകിയുടെ രാമായണമാണ്. തുടക്കത്തിൽ എണ്ണായിരം ശ്ലോകം ആയിരുന്നുവെങ്കിൽ മധ്യകാലഘട്ടത്തോടുകൂടി അത് ഇരുപത്തിനാലായിരം ശ്ലോകങ്ങളിലായി പരിണമിച്ചു. മൂന്നിരട്ടിയായിട്ടാണ് രാമായണം മാറിയത്. പുതിയ കവികൾ കൂട്ടിച്ചേർത്ത് കൂട്ടിച്ചേർത്ത് അത് ഇപ്രകാരമായി. എണ്ണായിരത്തിൽനിന്ന് ഇരുപത്തിനാലായിരത്തിലായി വളരുമ്പോൾ കഥയിലും പാത്രസൃഷ്ടിയിലും കഥാസംഭവങ്ങളിലും കാതലായ മാറ്റങ്ങൾ ഉണ്ടായി. ഉണ്ടാകാതെ പറ്റില്ലല്ലോ. ഇത് ഏറ്റുവമധികം സംഭവിച്ചത് മധ്യകാലഘട്ടത്തിലാണ്. അദ്ധ്യാത്മരാമായണം എന്ന സംസ്കൃതത്തിലെ കാവ്യം ആന്ധ്രാപ്രദേശിലെവിടെയോവെച്ച് എഴുതപ്പെട്ടതോടുകൂടിയാണ് രാമനും രാമായണവും വാല്മീകിയിൽ നിന്നും വളരെ വ്യത്യസ്തമായത്.

ബി.സി.അഞ്ചാം ശതകം മുതൽ രാമകഥ പല ഭാഷകളിൽ എഴുതിയതിന് തെളിവുണ്ട്. 'ദശരഥജാതകം' എന്ന പേരിലുള്ള ആദ്യത്തെ രാമായണകഥാകാവ്യങ്ങളെല്ലാം തന്നെ ജൈനരുടേതാണ്. ബുദ്ധമതക്കാരുടേതായിട്ടുമുണ്ട്. വൈഷ്ണവമതത്തിന്റെ തുടക്കം രണ്ടാം ശതകത്തിലാണ്. വൈഷ്ണവമതത്തിന്റെ വികാസപരിണാമത്തിന്റെ ഏറ്റവും വലിയ ഫലം കാണുന്നത് രാമായണത്തിന്റെ പരിണാമത്തിലൂടെയാണ്. ദശരഥജാതകം ബി.സി. അഞ്ചാം ശതകത്തിൽ പാലി ഭാഷയിലാണ് എഴുതിയിട്ടുള്ളത്. 'അനാമകജാതകം' ബി.സി.മൂന്നാം ശതകത്തിലാണ് എഴുതിയത്. ജാതകം എന്നു കേൾക്കുമ്പോൾ അതെഴുതിയത് ബുദ്ധമതത്തിന്റെയോ ജൈനമതത്തിന്റെയോ ആചാര്യന്മാരാണെന്നു കാണാം. ഗ്രന്ഥകാരന്റെ പേര് ഗ്രന്ഥത്തിലുണ്ടാവില്ല. അതാണ് പണ്ടത്തെ രീതി.

വ്യാസന്റെ പേരുപോലും വ്യാസഭാരതത്തിലില്ല. വാല്മീകിയാണ് രാമായണം എഴുതിയതെന്നു വാല്മീകിയുടെ രാമായണത്തിലില്ല. ഗ്രന്ഥങ്ങൾക്കൊന്നും തന്നെ എഴുതിയ ആളിന്റെ പേരുണ്ടായിരുന്നില്ല. 'ദശരഥകഥനം' എന്നു പറഞ്ഞ് പിന്നെയും ഒന്നുണ്ടായി. അത് ബി.സി. ഒന്നാം ശതകത്തിലാണ്. പ്രാകൃതത്തിലും പാലിയിലുമല്ലാതെ ആദ്യമായി രാമായണം വാല്മീകിയുടെ പേരിൽ പ്രത്യക്ഷപ്പെടുന്നത് ഏതാണ്ട് നാലാം ശതകത്തിനും മൂന്നാം ശതകത്തിനും ഇടയ്ക്കാണെന്നാണ് സംസ്കൃത സാഹിത്യചരിത്രപണ്ഡിതന്മാർ പറയുന്നത്.

വ്യാസന്റെ മഹാഭാരതത്തിലും രാമായണകഥയുണ്ട്. മഹാഭാരതം എഴുതുന്നത് ബി.സി.മൂന്നാം ശതകത്തിലാണ്. മൂന്നാം ശതകത്തിലുണ്ടായ വ്യാസന്റെ ഭാരതത്തിൽ വാല്മീകി രാമായണത്തിലെ കഥ വരണമെങ്കിൽ വാല്മീകി രാമായണം അതിനും മുമ്പ് ഉണ്ടായിരുന്നു. അതാണ് നമ്മുടെ നിഗമനം.

'രഘുവംശം' എന്ന മഹാകാവ്യത്തിന്റെ കർത്താവായ, ഭാരതത്തിന്റെ മഹാകവി കാളിദാസനാണ് രാമായണകഥയ്ക്ക് പ്രചാരം നൽകിയത്. ക്രിസ്തുവർഷം നാല് അഞ്ച് ശതകത്തിലാണ് അത് എഴുതുന്നത്. വിക്രമാദിത്യത്തിന്റെ കാലഘട്ടത്തിലാണ് കാളിദാസനുണ്ടായിരുന്നത്. പിന്നീടാണ് വിമലസൂര്യയുടെ 'പൗമചരിയു' എന്ന പ്രാകൃതഭാഷയിൽ അതേകാലഘട്ടത്തിൽതന്നെ രാമായണം ജൈന കവിയുടേതായിട്ട് ഉണ്ടാകുന്നത്. ചരിയു എന്ന വാക്കിന്റെ അർത്ഥം ചരിതം എന്നാണ്.

സംഘദാസൻ എന്ന പേരിൽ അറിയപ്പെടുന്ന അഞ്ചാം ശതകത്തിൽ ജീവിച്ചിരുന്ന മറ്റൊരു ജൈനനാണ് 'വാസുദേവ ഹിൻഡി' എന്ന കൃതി എഴുതിയത്. അതും പ്രാകൃതഭാഷയിൽ തന്നെയാണ്. സംസ്കൃതത്തിൽ 'നരസിംഹപുരാണം' എന്ന പേരിൽ അജ്ഞാതനായ ഒരു കവിയുടെ കാവ്യമുണ്ട്. 'സേതുബന്ധനം', 'ഭട്ടികാവ്യം', 'ഉത്തരപുരാണം','ജാനകീഹരണം, രാമചരിതം', 'ഭുസുന്ദി രാമായണം' തുടങ്ങിയുള്ള രാമായണഗ്രന്ഥങ്ങളുണ്ടായി.

പത്താം ശതകത്തോടെ തമിഴിലുണ്ടായതാണ് കമ്പരാമായണം. ദക്ഷിണേന്ത്യയിൽ രാമകഥ ഏറ്റവും കൂടുതൽ പ്രചാരം കിട്ടിയത് കമ്പരാമായണത്തോടുകൂടിയാണ്. എന്നാൽ അതിനുമുമ്പ് കേരളീയർക്ക് അവകാശപ്പെടാവുന്ന ഒന്നുണ്ട്. അത് കേരളചക്രവർത്തിയായിരുന്ന കുലശേഖര ആഴ്വാർ എട്ടാം ശതകത്തിലോ, ഒമ്പതാം ശതകത്തിലോ എഴുതിയ 'പെരുമാൾ തിരുമൊഴി'യാണ്. നൂറ്റിനാലു പാട്ടുകളാണ് ഇതിലുള്ളത്. അതിന്റെ അവസാനത്തെ മുപ്പത്തിമൂന്നു പാട്ടുകൾ രാമായണകഥാസംഗ്രഹമാണ്. അതുകൊണ്ടുതന്നെ പെരുമാൾ തിരുമൊഴിക്ക് 'രാമായണച്ചുരുക്കം' എന്നൊരു പേരുമുണ്ട്.

ദക്ഷിണേന്ത്യൻ ഭാഷകളിൽ ആദ്യമുണ്ടായ രാമായണത്തിന്റെ ഉടമസ്ഥർ നമ്മൾ കേരളീയരാണ്. ചെറുതാണെങ്കിലും ആദ്യത്തെ രാമായണം അതാണ്. ഞാൻ അത് തമിഴിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തതിന് നാലോ അഞ്ചോ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. കേന്ദ്രസാഹിത്യ അക്കാദമിയുടെ വിവർത്തനത്തിനുള്ള അവാർഡ് ഈ രാമായണം ഉൾപ്പെടെയുള്ള ഒമ്പതാം ശതകത്തിലെ പെരുമാൾ തിരുമൊഴി തർജ്ജമ ചെയ്തതിന്റെ പേരിലാണ് തർജ്ജമക്കാരൻ എന്ന നിലയിൽ ഞാൻ അംഗീകരിക്കപ്പെട്ടത്.

പന്ത്രണ്ടു നൂറ്റാണ്ടിനുമുമ്പാണ് കേരളത്തിൽ ആദ്യമായി രാമായണകഥ എഴുതപ്പെട്ടത്. കേരളത്തിലെ ചക്രവർത്തിയാണ് സംഗ്രഹം എഴുതിയത്. ഇതാണ് നമ്മുടെ അവകാശവാദം. ദക്ഷിണേന്ത്യയിലെയോ, ഉത്തരേന്ത്യയിലെയോ, മറ്റൊരു ഭാഷയ്ക്കും ഇതവകാശപ്പെടാൻ കഴിയില്ല. അന്നത്തെ കേരളഭാഷ തമിഴുമായി അടുത്തുനിൽക്കുന്ന ഭാഷയായിരുന്നു.

മലയാളത്തിലേക്ക് ആർക്കും കൊണ്ടുവരാൻ കഴിയാതെപോയ ആ ക്ലാസിക് കൃതി മലയാളത്തിൽ കൊണ്ടുവരാനുള്ള ഭാഗ്യമുണ്ടായി.

തമിഴരുടെ വലിയ അവകാശവാദമാണ് രാമായണം ആദ്യമായി തെക്കേ ഇന്ത്യൻ ഭാഷയിൽ എഴുതിയത് തമിഴിലാണെന്ന്. ഈ അവകാശം തെറ്റാണ്. സംഗ്രഹം ആദ്യമായി എഴുതിയത് മലയാളിയുടെ തമിഴിലാണ്. മലയാളിയുടെ ഭാഷയ്ക്കും തമിഴ് എന്നാണ് പറയുന്നത്.

ദക്ഷിണേന്ത്യയിലുണ്ടായ ഏറ്റവും പ്രധാനപ്പെട്ട ഒരു രാമായണമാണ് ഭോജരാജന്റെ ചമ്പൂരാമായണം. രാമായണമഞ്ജരി, ഭുസുന്ദി രാമായണം, പദ്മപുരാണം, ഉദാരരാഘവം തുടങ്ങിയവ പതിനൊന്നും പന്ത്രണ്ടും ശതകങ്ങളിൽ സംസ്കൃതത്തിലുണ്ടായവയാണ്. 'രംഗനാഥരാമായണം' തെലുങ്കിലുണ്ടാകുന്നത് പതിമൂന്നാം ശതകത്തിലാണ്. ആസാമീസ് രാമായണം ഉണ്ടാകുന്നത് പതിനാലാം ശതകത്തിലാണ്.

പതിനഞ്ചാം ശതകത്തിലാണ് നിരണത്തുള്ള രാമപ്പണിക്കർ വാല്മീകി രാമായണം സംഗ്രഹിച്ച് മൂവായിരത്തി അമ്പത്തിയൊമ്പത് പാട്ടുകളിലായി പൂർണ്ണമായി എഴുതി മലയാളിക്കു സമർപ്പിച്ചത്, എഴുത്തച്ഛന് മുമ്പ്. ഈ കവിയെ നാട്ടുകാർക്കുപോലുമറിയില്ല. അതാണതിശയം. അതിമനോഹരമായ കാവ്യഭാഗങ്ങൾ കണ്ണശ്ശരാമായണത്തിലുണ്ട്. കണ്ണശ്ശരാമായണത്തിൽ അമ്പതുവർഷം മുമ്പ് പി.എച്ച്.ഡി എടുക്കുവാനായിട്ട് കേരളസർവ്വകലാശാലയിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുമ്പോഴാണ് യുദ്ധകാണ്ഡം അച്ചടിച്ചിട്ടേയില്ല, താളിയോലയിൽ കിടക്കുകയാണെന്നു മനസ്സിലാക്കുന്നത്. 694–ാമാണ്ട് (1519) എന്നു എഴുതിയിട്ടുള്ള ഏറ്റവും പഴക്കമുള്ള താളിയോലയിൽ നിന്ന് യുദ്ധകാണ്ഡം പകർത്തി മറ്റുഭാഗത്തോടുകൂടി അച്ചടിക്കുകയുണ്ടായി. അതോടുകൂടിയാണ് കണ്ണശ്ശരാമായണം പൂർണ്ണമാകുന്നത്. അതിനുള്ള ഭാഗ്യവും എനിക്കു ലഭിച്ചു. ഇപ്പോൾ വ്യാഖ്യാനത്തോടുകൂടി കണ്ണശ്ശരാമായണം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാളിയുടെ ആദ്യത്തെ രാമായണമാണിത്. എനിക്ക് ലഭിച്ച വലിയ അനുഗ്രഹങ്ങളിലൊന്നാണിത്.

ഭഗവത്ഗീത ഇന്ത്യൻ ഭാഷയിൽ ആദ്യമായി വിവർത്തനം ചെയ്തത് കണ്ണശ്ശകവികളിലൊരാളായ മാധവനായിരുന്നു. അതിനു വ്യാഖ്യാനം എന്ന രീതിയിൽ ഉണ്ടായിട്ടുണ്ട്. തിരുവല്ല ക്ഷേത്രത്തിന്റെ കീഴിലുള്ള മലയിൻകീഴ് ക്ഷേത്രത്തിൽ ഇരുന്നുകൊണ്ടാണ് വിവർത്തനം എഴുതിയത്. അതു അഞ്ചുനൂറ്റാണ്ടിനു മുമ്പാണ്. അതിന്റെ വ്യാഖ്യനവും പഠനവും, സംസ്കൃത ടെക്സ്റ്റുമായിട്ട് പ്രസിദ്ധീകരിക്കുവാനും എനിക്കു കഴിഞ്ഞു.

സാഹിത്യചരിത്രത്തിലെ വികാസപരിണാമത്തെപ്പറ്റി ധാരാളം പഠിക്കാനുണ്ട്. ധാരാളം അറിയാനുണ്ട്. ഇപ്പോഴത്തെ പാഠപുസ്തകങ്ങളിലൂടെ ഇതൊന്നും പഠിക്കുവാനുള്ള സാഹചര്യമില്ല. ഇപ്പോഴത്തെ കഥാകാരന്മാരുടെയോ എഴുത്തുകാരുടെയോ കഥാഭാഗം എടുത്തുപാഠപുസ്തകമാക്കിയിട്ട് എന്തു വിജ്ഞാനമാണ് കുട്ടികൾക്ക് നൽകുവാൻ കഴിയുന്നത്? മുമ്പൊന്നും ഇങ്ങനെയായിരുന്നില്ല. ഗ്രന്ഥങ്ങളുടെ കണ്ടുകിട്ടാത്ത ഭാഗങ്ങൾ ഉണ്ടായിരുന്നിട്ടുപോലും, ഇവിടെ സർവ്വകലാശാലയിൽ മലയാളം ഇല്ലാതിരുന്ന കാലത്ത് മദിരാശി സർവ്വകലാശാലയിലെ പാഠപുസ്തകക്കമ്മറ്റി ഇത്തരത്തിലുള്ള ഗ്രന്ഥങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ ചേർത്ത് പാഠപുസ്തകമാക്കിയിരുന്നു.

വിദേശത്തുണ്ടായ രാമായണമാണ് ജാപ്പനീസിലെ 'സാംബോ-എകോ', പേർഷ്യയിലുണ്ടായ 'പേർഷ്യൻ രാമായണം', മലയയിലുണ്ടായ 'ഹികായത്സെരി രാമ', ബർമീസിലുണ്ടായ 'രാമവട്ടു', തായ്‌ലന്റിലുണ്ടായ 'രാമകിയെൻ', ലാവോഷ്യയിലുണ്ടായ 'ഗ്വായ് ദ്വൊരാഭി' തുടങ്ങിയവ. ഇതൊക്കെയുണ്ടാകുന്നത് പതിനാറാം ശതകം മുതൽ പത്തൊമ്പതാം ശതകം വരെയാണെന്നു കാണാം.

അദ്ധ്യാത്മരാമായണം എഴുത്തച്ഛൻ മലയാളത്തിൽ കൊണ്ടുവന്നു. എഴുത്തച്ഛനെ തുടർന്ന് രാമകഥ ധാരാളമായി, വിവിധ വിഷയങ്ങളായി ഉണ്ടായിട്ടുണ്ട്. ഒടുവിൽ അംഗീകാരം നേടിയത് കുമാരനാശാന്റെ 'ചിന്താവിഷ്ടയായ സീതയാണ്'. ഇതൊരു ഉജ്ജ്വലകൃതിയാണ്.

ഭാസൻ, കാളിദാസൻ, ഭവഭൂതി, ശക്തിഭദ്രൻ, രാജശേഖരൻ, മുരാരി, ജയദേവൻ, രാമഭദ്രദീക്ഷിതർ അങ്ങനെ എത്ര പിന്നീടു വന്ന കവികൾ രാമകഥയെടുത്തുവെച്ചുകൊണ്ട് കാവ്യവും നാടകവും ഉണ്ടാക്കി. ഇതെല്ലാം ജനങ്ങളുടെ ഇടയിൽ പ്രചരിച്ചു. ഈ നാടകങ്ങളെ ആസ്പദമാക്കിയിട്ട് ചാക്യാന്മാർ കൂത്ത് നടത്തി. 'വിച്ഛിന്നാഭിഷേക'ത്തെ അടിസ്ഥാനമാക്കിയാണ് ആദ്യകാലത്ത് കൂത്തും കൂടിയാട്ടവുമായി അവതരിപ്പിച്ചത്. രാമായണകഥയെ ആസ്പദമാക്കി പുതിയ ഒരു പുസ്തകം എഴുതാൻ വയ്യാത്ത അവസ്ഥയിൽ വളരെ നൂറ്റാണ്ടുകൾ ഭാരതീയ സാഹിത്യം ശ്വാസം മുട്ടൽ അനുഭവിച്ചു എന്നോർക്കണം.

രാമായണകഥ ആവിഷ്കരിച്ചപ്പോൾ ഈ കഥയ്ക്ക് ധാരാളം പരിണാമം കഥയ്ക്കും കഥാപാത്രത്തിനുമുണ്ടായി. വൈഷ്ണവഭക്ത കവികളുടെ കൈയ്യിലെത്തിയപ്പോഴേക്കും കഥാപാത്രങ്ങളുടെ ചായക്കൂട്ടുതന്നെ മാറി. ചില കഥാപാത്രങ്ങൾക്ക് ചില്ലറ പോറലേറ്റു. മറ്റു ചില കഥാപാത്രങ്ങൾക്ക് ദയനീയമായ പരിക്കുപറ്റി. താടക, ശൂർപ്പണക, മണ്ഡോദരി, രാവണൻ, കുംഭകർണ്ണൻ തുടങ്ങിയ രാക്ഷസ കഥാപാത്രങ്ങൾക്ക് പിൽ



സുരേഷ്



# അഴീക്കോട് സാറിന്റെ അവസാനനാളുകൾ

**അ**ഴീക്കോട് സാറിന്റെ അവസാനനാളുകളെക്കുറിച്ചുള്ള അനുസ്മരണങ്ങളാണിത്. 2011ൽ എം.എ.ബേബിസാർ അഴീക്കോട് സാറിനെ കാണാൻ വന്നു. അന്ന് അദ്ദേഹത്തിന്റെ കൂടെ സന്തോഷ് എന്ന പല്ലുഡോക്ടറും ഉണ്ടായിരുന്നു. സാറിന് രാത്രിയിൽ പല്ലുകടിക്കുന്ന സ്വഭാവമുണ്ടെന്ന് ഞാൻ ഡോക്ടറിനോടു പറഞ്ഞു. അങ്കമാലിയിലുള്ള ക്ലിനിക്കിലേക്കു വരുവാൻ പറഞ്ഞു. അതനുസരിച്ച് എറണാകുളത്ത് ഒരു മീറ്റിംഗിനു പോകുമ്പോൾ അവിടെ പോയി. അഴീക്കോട് സാറിന്റെ പല്ലു ക്ലീൻ ചെയ്തു. പല്ലു ക്ലീൻ ചെയ്തപ്പോൾ അണ്ണാക്കിലെ പല്ലിനോടു ചേർന്ന് ഒരു ഗ്രോത്ത് ഉണ്ടെന്നു മനസ്സിലാക്കി. അദ്ദേഹത്തിന്റെ സുഹൃത്തായ ഒരു സർജ്ജനെ വിളിച്ചുവരുത്തി. ഗ്രോത്തിൽനിന്നും ഒരു ഭാഗം കട്ട് ചെയ്ത് ടെസ്റ്റിനു കൊടുത്തു. ഒരാഴ്ച കഴിഞ്ഞപ്പോൾ ഡോക്ടറുടെ വിളിവന്നു. ഞാൻ ഡോക്ടറെ പോയി കണ്ടു. ഡോക്ടറുടെ ഉപദേശപ്രകാരം എം.ആർ.ഐ സ്കാനിംഗ് നടത്തി. താടിയെല്ലിനെ ബാധിച്ചിരിക്കുന്നു. റിസൽട്ടുമായി എറണാകുളത്ത് ഡോ.സി.കെ.രാമചന്ദ്രനെ കാണാൻ പോയി. ഡോക്ടറേയും കൂട്ടി ഡോ.വി.പി.ഗംഗാധരന്റെ വീട്ടിൽ പോയി. അദ്ദേഹത്തിന് സാറിനെ നേരിട്ടു കാണണം എന്നു പറഞ്ഞു.

ഒരാഴ്ചയ്ക്കുശേഷം ഞാൻ സാറിനെയും കൂട്ടി ഡോ.സി.കെ.രാമചന്ദ്രന്റെ വീട്ടിൽ പോയി. അവിടെനിന്നും പ്രഭാതഭക്ഷണം കഴിച്ചതിനുശേഷം ഡോ.ഗംഗാധരന്റെ വീട്ടിലെത്തി. ഡോക്ടറും ഭാര്യയും ഞങ്ങളെ അകത്തേക്കു കൊണ്ടുപോയി. ഡോക്ടർ സാറിനെ വിശദമായി പരിശോധിച്ചു. എറണാകുളം മെഡിക്കൽ ട്രസ്റ്റിലെ ഡോ.ഫിറോസിനെ കാണുവാൻ നിർദ്ദേശിച്ചു. ഫോട്ടോഗ്രാഫർ പുനലൂർ രാജന്റെ മകനാണ് ഫിറോസ്. വൈക്കം മുഹമ്മദ് ബഷീറിന്റെ ഭാര്യ മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ കിടക്കുമ്പോൾ സാറും ഞാനും പോയി കണ്ടിരുന്നു. അന്ന് ഞങ്ങൾ ഫിറോസിനെ പരിചയപ്പെട്ടു. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ഞങ്ങൾ എത്തിയപ്പോൾ പ്രൊഫസർ തനൂജാ ഭട്ടതിരിയും ഡോക്ടറും ഞങ്ങളെ കാത്ത് നിൽക്കുന്നുണ്ടായിരുന്നു. സാറിനെ പരിശോധിച്ചു. അരമണിക്കൂർ കഴിഞ്ഞ് പ്രൊഫസർ വന്ന് എന്നെ വിളിച്ച് അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. 'സാറിന് ഇപ്പോൾ 86 വയസ്സായി. തൂക്കം 47 കിലോ. ഇപ്പോഴത്തെ സാഹചര്യത്തിൽ ഓപ്പറേഷനുള്ള സാധ്യത കുറവാണ്. റേഡിയേഷൻ ആണ് കുറച്ചുകൂടി നല്ലത്. തൃശൂരിലായതുകൊണ്ട് അമല ഹോസ്പിറ്റലിൽ ഡോ. സുധീറിന് എഴുതിത്തരാം. റേഡിയേഷന് ഏറ്റവും നല്ല ഹോസ്പിറ്റൽ ആണ് അമല. അവിടെ പോയി ഡോക്ടറെ കാണണം.'

ഞങ്ങൾ അമല ഹോസ്പിറ്റലിലേക്കു പോയി. അവിടെ ചെന്നപ്പോൾ വാൾട്ടർ അച്ചനെ കണ്ടു. അച്ചൻ ഞങ്ങളെ ഡോക്ടറുടെ അടുക്കലേക്കു കൊണ്ടുപോയി.

'റേഡിയേഷൻ സാറിന്റെ ആരോഗ്യത്തിന് നല്ലതല്ല. മഹാനായ സുകുമാർ അഴീക്കോടിനെ റേഡിയേഷൻ നൽകി ആശുപത്രിയിൽ തളച്ചിടണ്ട. സാറിനെ സാറിന്റെ വഴിക്കു വിട്ടേക്കു. സാർ പ്രസംഗിച്ചു നടക്കട്ടെ.'

ആശുപത്രിയിൽ നിന്നും ഇറങ്ങുമ്പോൾ ഇനി എന്തു ചെയ്യും എന്നുള്ള ചിന്തയായിരുന്നു എന്നെ അലട്ടിയിരുന്നത്. അലോപ്പതിയിൽ നിന്നും വിട്ടു ചിന്തിച്ചു തുടങ്ങി. ഡി.സി.രവിയുമായി ഞാൻ ഫോണിൽ സംസാരിച്ചു. കോട്ടയത്ത് പ്രഗത്ഭനായ ഒരു ഹോമിയോ ഡോക്ടർ ഉണ്ടെന്നും, അദ്ദേഹത്തിന്റെ പേര് ഡോ.പട്ടേൽ. ആ വാക്കുകൾ എനിക്ക് ആശ്വാസമായി. അവിടെ പോകുവാൻ തീരുമാനിച്ചു. ഡോക്ടറുടെ അടുക്കലേക്കു പോകുമ്പോൾ ഞങ്ങളോടൊപ്പം ഡി.സി.രവിയും ഭാര്യയുമുണ്ടായിരുന്നു. ഡോക്ടർ ചില ചികിത്സാരീതി ഉപദേശിച്ചു. ഹോമിയാപ്പതി മരുന്ന് കഴിച്ചുതുടങ്ങി. അത്ഭുതം എന്നു പറയട്ടെ, സാറിന് ഒരുപാട് മാറ്റങ്ങൾ കണ്ടുതുടങ്ങി. മുമ്പത്തേക്കാളും ഉന്മേഷവാനായി കാണപ്പെട്ടു. ഹോമിയോമരുന്ന് കഴിക്കുന്ന സാഹചര്യത്തിൽ ഞാൻ അന്നത്തെ കെ.പി.സി.സി.പ്രസിഡന്റ് രമേശ് ചെന്നിത്തലയെ വിളിച്ചു സാറിന്റെ കാര്യങ്ങൾ സൂചിപ്പിച്ചു. അദ്ദേഹം സാറിനെ കാണുവാൻ തിരുവനന്തപുരത്തുനിന്നും വന്നു. സാറിനെ നമുക്ക് വിദേശത്തെവിടെയെങ്കിലും കൊണ്ടുപോയി ചികിത്സിപ്പിക്കണം. സാറിന്റെ രോഗം മാറ്റണം. എന്തു ചെയ്യാനും തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു. സാറിന്റെ മെഡിക്കൽ റിപ്പോർട്ട് ഭൂപേഷ് ബാബുവിന് അയച്ചുകൊടുത്തുവെന്നും അദ്ദേഹം അത് ഓൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് റഫർ ചെയ്തുവെന്നും അതിന്റെ അടിസ്ഥാനത്തിൽ ഡോക്ടർമാർ ഡോ.ഫിറോസ് പറഞ്ഞ അഭിപ്രായത്തോട് യോജിച്ചുവെന്നും പറഞ്ഞു.



ഇതറിഞ്ഞ് സഖാവ് പിണറായി വിജയൻ വിളിച്ചു. ഒറ്റപ്പാലത്ത് ഒരു സ്വാമിയുണ്ട്. അവിടുത്തെ ചികിത്സ ഇതിനു ഫലപ്രദമാകുമെന്ന് പറഞ്ഞു. അങ്ങനെ ഞാൻ സാറിനേയും കൊണ്ട് സ്വാമിയെ കാണുവാൻ പോയി. സ്വാമിയുടെ മരുന്ന് കഴിക്കുന്നത് കടുപ്പമായിരുന്നു. ഗോമൂത്രം ചേർത്താണ് മരുന്നു കഴിച്ചിരുന്നത്. സാറിനെ പരിചരിക്കുന്ന രമച്ചേച്ചി ഈ മരുന്നു കഴിപ്പിക്കാൻ കുറേ പണിപ്പെട്ടു. ഒന്നരമാസം ആ മരുന്നു കഴിച്ചു.

2011 ഡിസംബർ 6ന് സ്വാമി സന്ദീപാനന്ദഗിരിയുടെ പ്രഭാഷണം തൃശൂർ തേക്കിൻകാട് മൈതാനിയിൽ നടന്നു. സാറിന്റെ അവസാനത്തെ പ്രഭാഷണം കൂടിയായിരുന്നു അത്. അന്നത്തെ വിഷയം ഭഗവത്ഗീത ആയിരുന്നു. സാറിന്റെ അച്ഛൻ കൊടുത്ത, വർഷങ്ങൾ പഴക്കമുള്ള കസേരയിൽ ഇരുന്നാണ് സാർ അവസാനമായി ഭഗവദ്ഗീത വായിച്ചത്. പ്രഭാഷണത്തിനായി തൃശൂരിലേക്കു പോയി. സാർ മുഖ്യാതിഥിയായിരുന്നു. കൈപിടിച്ച് സാറിനെ സ്റ്റേജിലേക്ക് കയറ്റുമ്പോൾ സാറിന്റെ കൈയ്യിൽ നല്ല ചൂടുണ്ടായിരുന്നു. ചെറുതായ പനിയുടെ ലക്ഷണം. അന്നത്തെ പ്രസംഗം എല്ലാവരുടെയും മനസ്സിൽ തങ്ങിനിൽക്കുന്നതായിരുന്നു. പ്രഭാഷണം



കഴിഞ്ഞ് സന്ദീപനന്ദഗിരിയുമായി അല്പസമയം ചെലവഴിച്ചു. എട്ടുമണി ആയപ്പോഴേക്കും ഞങ്ങൾ വീട്ടിലെത്തി. സാറിനെ രാത്രിയിൽ നോക്കിയിരുന്ന കണ്ണൻകുട്ടി ഞങ്ങളെ കാത്ത് ഗേറ്ററികിൽ നിൽപ്പുണ്ടായിരുന്നു. സാറിന് ഭക്ഷണവും മരുന്നും കൊടുത്തതിനുശേഷം ഞാൻ വീട്ടിലേക്കു പോയി. അതിരാവിലെ കണ്ണൻ എന്നെ ഫോണിൽ വിളിച്ചു. 'സുരേഷേ വേഗം വാ.. സാർ കുഴഞ്ഞുവീണു..' ഞാൻ ഓടിയെത്തി. സാറിനെ താങ്ങി കട്ടിലിൽ കിടത്തിയിരിക്കുകയാണ്. രമചേച്ചിയും ത്രേസ്യാ ഡെയ്സും ഞാനുംകൂടി സാറിനെ ഹാർട്ട് ഹോസ്പിറ്റലിൽ എത്തിച്ചു. 2011 ഡിസംബർ 7നായിരുന്നു സംഭവം. പരിശോധനയും ചികിത്സയുമായി പകൽ കഴിഞ്ഞു. സാറിന്റെ രണ്ടു കാലുകളും തളർച്ച ബാധിച്ചുവെന്ന് അറിഞ്ഞു. അന്നത്തെ രാത്രി വേദന തിങ്ങിനിറഞ്ഞതായിരുന്നു. എന്തു ചെയ്യണമെന്ന് അറിയാത്ത അവസ്ഥയിലായിരുന്നു ഞാൻ. അപ്പോഴാണ് യുവകവി വിജേഷ് എടക്കുന്നിയും സാഹിത്യ അക്കാദമിയിലെ ജെ.പി.ബെന്നിയും സാറിനെ കാണാനായി വന്നത്. ജെ.പി.ബെന്നി വി.എസ്. സുനിൽകുമാർ എം.എൽ.എയെ വിളിച്ചു. ഉടൻതന്നെ എം.എൽ.എ സാംസ്കാരിക മന്ത്രി, ആരോഗ്യമന്ത്രി, മുഖ്യമന്ത്രി എന്നിവരെ വിളിച്ചു. വിവരമറിഞ്ഞ് ഹോസ്പിറ്റലിലേക്ക് വി.ഐ.പി.കാറുകളുടെ പ്രവാഹമായിരുന്നു. ജില്ലാ കളക്ടർ, എ.ഡി.എം അങ്ങനെ പലരും.

സാറിനെ അമല ഹോസ്പിറ്റലിലേക്ക് മാറ്റുവാൻ തീരുമാനിച്ചു. സുകുമാർ അഴീക്കോടിന്റെ എല്ലാ ചെലവുകളും സർക്കാർ ഏറ്റെടുക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ഡയറക്ടർ വാൾട്ടർ അച്ചൻ, ഡോ.ഗിരിജ, ഡോ.ശ്രീകുമാരൻ പിള്ള, ഡോ.സുധീർ എന്നിവർ സാറിനെ സ്വീകരിക്കുവാനായി നില്പുണ്ടായിരുന്നു. ചെറിയ ഡോസ് റേഡിയേഷൻ നൽകി.

'ദിവസം ചെല്ലുന്തോറും കാര്യങ്ങൾ വഷളായി വരികയാണ്. ഇപ്പോൾ നൽകിയത് ഒരു ചെറിയ വേദന സംഹാ രി മാത്രമാണ്. ചിലപ്പോൾ മോർഫിൻ നൽകേണ്ടിവരും. ഐ.സി.യു.വിലേക്ക് മാറ്റേണ്ട അവസ്ഥ വരെ ഇപ്പോഴത്തെ സാഹചര്യത്തിൽ നിലനിൽ ക്കുന്നുണ്ട്.'– ഡോ.സുധീർ പറഞ്ഞു.

'സാറിനെ ഐ.സി.യു.വിലേക്ക് മാറ്റിയതുകൊണ്ട് പഴ യ രീതിയിൽ കൊണ്ടുവരാൻ സാധിക്കുമെന്ന് ഉറപ്പു നൽ കാൻ കഴിയുമോ' ഞാൻ ഡോക്ടറോടു ധൈര്യം സംഭരിച്ച് ചോദിച്ചു.

# വ്യത്യസ്ത രാമായണങ്ങൾ




ക്കാല ഭക്തകവികളുടെ കൂർത്ത നാരായം കൊണ്ട് ഒരുപാട് പരിക്കേറ്റു. അവരുടെ മുഖം ആകെ വികൃതമായി. വാല്മീകി കഥാപാത്രം എന്ന നിലയിൽ അവർക്കു കൊടുത്തിരുന്ന മാന്യമായ സ്ഥാനമൊക്കെ ഇവർ ഇവരുടെ നാരായം കൊണ്ട് കുത്തിക്കീറി. അസാധാരണനായ കഥാപാത്രമായിട്ടാണ് വാല്മീകി രാവണനെ അവതരിപ്പിച്ചത്. മതപരമായി പിന്നീട് ചില പ്രക്ഷുബ്ധങ്ങളും ഇതിൽ കടന്നുകൂടി. അതിൽ വാല്മീകി രാമായണത്തിൽ കഥയിൽ തന്നെ പല വൈരുദ്ധ്യങ്ങളും ഉണ്ടാക്കി. വീരകഥാ കാവ്യങ്ങളെ വിശകലനം ചെയ്തുകൊണ്ട് പ്രബന്ധം എഴുതിയിട്ടുള്ള ആളാണ് സി.എം. ബൗറാ. ബൗറാ ഭാരതീയ ഇതിഹാസങ്ങളെയെല്ലാം നല്ലതുപോലെ വിലയിരുത്തി. അദ്ദേഹം പറയുന്നത് മതപരമായ അംശങ്ങൾ കൂട്ടിച്ചേർത്ത് ആദികവിയുടെ മഹാകാവ്യത്തിന്റെ സൗന്ദര്യം മുഴുവനും നഷ്ടപ്പെടുത്തുകയായിരുന്നുവെന്നാണ്.

ഇതു മനസ്സിലാക്കുവാൻ മറ്റെങ്ങും നാം പോകേണ്ട. വാല്മീകി രാമായണത്തെ ആസ്പദമാക്കി പതിനാറാം ശതകത്തിൽ നമ്മുടെ കവി നിരണത്തുകാരൻ രാമപ്പണിക്കർ എഴുതിയ കണ്ണശ്ശരാമായണവും അദ്ദേഹത്തിന്റെ ശിഷ്യൻ

*'അഗ്രജൻ മമ സതാം വിദൂഷാമഗ്രേസരൻ*
*മൽഗുരുനാഥനനേകാന്തേവാസികളോടും*
*ഉൾക്കരുന്നിങ്കൽ വാഴ്ക രാമനാമാചാര്യനും'*

എന്ന് തുഞ്ചത്ത് എഴുത്തച്ഛൻ അദ്ദേഹത്തിന്റെ ആദ്ധ്യാത്മരാമായണത്തിൽ പറയുന്ന 'രാമനാം ആചാര്യൻ' ആരാണെന്ന് ഗവേഷണം നടത്തിയിട്ടുള്ളവർക്കല്ലാതെ മനസ്സിലായിട്ടില്ല. മറ്റാരും അതു വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. അഗ്രജൻ എന്നു കണ്ടപ്പോൾ നേരേ മൂത്ത ജ്യേഷ്ഠനാണെന്ന ധാരണയിൽ നമ്മുടെ സമർത്ഥനായ നോവലിസ്റ്റ് സി.രാധാകൃഷ്ണൻ 'തീക്കടൽ കടഞ്ഞ് തിരുമധുരം' എന്ന നോവലിൽ ചേട്ടനാക്കി അവതരിപ്പിച്ചു.

വട്ടെഴുത്തിൽനിന്നും ഗ്രന്ഥലിപി ഉണ്ടാക്കുവാനായിട്ട് എഴുത്തച്ഛൻ പണിയെടുത്തുവെന്നാണ് നോവലിൽ പറയുന്നത്. എഴുത്തച്ഛനാണ് മലയാളത്തിലെ ലിപി എഴുതിയുണ്ടാക്കിയത് എന്നത് ഐതിഹ്യത്തിലെ മണ്ടത്തരങ്ങളിലൊന്നാണ്. എഴുത്തച്ഛൻ ജനിക്കുന്നതിന് എട്ടു നൂറ്റാണ്ടുമുമ്പ് കേരളമുൾപ്പെടെയുള്ള ദക്ഷിണേന്ത്യയിൽ സംസ്കൃതഭാഷയിലെ ലിപിയാണ് ഈ ഗ്രന്ഥലിപി. എ.ഡി. എണ്ണൂറിനടുത്തുള്ള വാഴപ്പള്ളി ചെപ്പേടിൽ 'നമഃ ശിവായഃ ശ്രീ രാജാധിരാജ പരിമാധികാര' എന്നു തുടങ്ങുന്ന രണ്ടുവരിയുണ്ട്. ഇപ്പോഴത്തെ കുട്ടികളുടെ കൈയ്യിലെടുത്തുകൊടുത്താൽ അവർ അത് വായിക്കും. പന്ത്രണ്ടു നൂറ്റാണ്ടിനുമുമ്പെഴുതിയതാണെന്ന് ഓർക്കണം. ആ അക്ഷരമാണ് സംസ്കൃതമെഴുതാനായിട്ട് ദക്ഷിണേന്ത്യയിൽ പ്രചാരത്തിലുണ്ടായിരുന്നത്. സംസ്കൃതബഹുലമായ മലയാള ഭാഷയെഴുതാൻ വട്ടെഴുത്തു പോരായെന്നു മനസ്സിലാക്കിയതുകൊണ്ടാണ് ഗ്രന്ഥലിപി സ്വീകരിച്ചത്. പന്ത്രണ്ട് നൂറ്റാണ്ടുകൾക്കു മുമ്പ് നമ്മൾ സ്വീകരിച്ച ഈ അക്ഷരം പുസ്തകമെഴുതാനായിട്ട് ഉപയോഗിക്കുന്നത് ചാക്യാന്മാരുടെ കാലത്താണ്.

പതിനാലാം ശതകത്തിൽ. എന്നിട്ടാണ് എഴുത്തച്ഛൻ കുത്തിയിരുന്ന് പതിനാറാം ശതകത്തിൽ മലയാളത്തിന് അക്ഷരമുണ്ടാക്കിയെന്ന് എഴുതിവച്ചിരിക്കുന്നത്. 'രാമനാം ആചാര്യൻ' എന്നു കണ്ടുകൊണ്ട് ഒരു ചേട്ടനെ ഉണ്ടാക്കിയിട്ട് ആ നോവലിലുടനീളം ആ ചേട്ടനെ കൊണ്ടുനടക്കുകയാണ്. ആരാണ് ഈ ചേട്ടൻ. അഗ്രജൻ എന്നു പറഞ്ഞാൽ മുൻഗാമിയാണ്. തനിക്കു മുമ്പ് രാമായണവും ഭാരതവും ഭാഗവതവും എഴുതിയ നിരണത്തു കണ്ണശ്ശന്മാരിൽ രാമപ്പണിക്കരാണ് ഈ അഗ്രജൻ. 'അഗ്രജനാം ആചാര്യൻ മമ' എന്നു പറയുന്നത്. ഇതൊന്നും മനസ്സിലാക്കാതെ നമ്മുടെ സാഹിത്യകാരന്മാർ മണ്ടത്തരങ്ങൾ പറയുകയും ആളുകളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുകയാണ്. അനവധി വിഡ്ഢിത്തങ്ങൾ നടക്കുന്ന ഒരു കാലഘട്ടത്തിൽ നമ്മൾ ശാസ്ത്രീയമായി കാര്യങ്ങളെപ്പറ്റി അവബോധമുണ്ടാക്കുവാൻ വേണ്ടിയാണ് ഇത്തരം സത്രങ്ങൾ ഉപയോഗിക്കേണ്ടതെന്ന് നിർബന്ധപൂർവ്വം വിചാരിക്കുന്നു. അതിനാണ് ഞാൻ ഇവിടെ വന്നത്. എനിക്ക് വയസ്സ് എൺപത്തിയേഴായി. അറുപതു കൊല്ലമായിട്ട് ഈ വിഷയത്തിൽ ഗവേഷണം നടത്തുന്ന ആളാണ്. ഇതു വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഇതിലെ ചില പദങ്ങളുടെ അർത്ഥം കണ്ടുപിടിക്കുവാനായി എത്രദിവസങ്ങൾ കഷ്ടപ്പെട്ടിട്ടുണ്ട്.

പന്ത്രണ്ടു നൂറ്റാണ്ടുമുമ്പ് രാമായണകഥ സംഗ്രഹിച്ചു തന്ന കുലശേഖര ആഴ്‌വാർ തൊട്ട് കണ്ണശ്ശപ്പണിക്കർ തൊട്ട് ഇങ്ങോട്ടുള്ളവരെ ഓർമ്മിക്കുവാനുള്ള സന്ദർഭം കൂടിയാണിത്. സാഹിത്യ സാംസ്കാരിക ചരിത്രം സൂക്ഷ്മാവലോകനം ചെയ്യുന്ന, ജനങ്ങളുടെ മുന്നിലത് ശാസ്ത്രീയമായി അപഗ്രഥിച്ചുകൊടുക്കുന്ന വേദിയായിരിക്കണം ഇത്. വരാൻ പോകുന്ന പ്രഭാഷണങ്ങളിലും അതുണ്ടാവും എന്നു ഞാൻ പ്രതീക്ഷിക്കുന്നു.

(2014 ഡിസംബർ 17ന് ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിൽ രാമായണസത്രത്തിനു തുടക്കം കുറിച്ചുകൊണ്ട് നടത്തിയ പ്രഭാഷണം –

ജോർജ് തഴക്കര സമാഹരണം നടത്തുന്ന *പ്രശസ്തരുടെ പ്രഭാഷണങ്ങൾ* എന്ന കൃതിയിലേക്ക്)

# അഴീക്കോട് സാറിന്റെ അവസാനനാളുകൾ



'ഇൻഫെക്ഷൻ വരാതിരിക്കാൻ മാത്രമാണ് ഐ.സി.യു.വിലേക്ക് മാറ്റുന്നത്. മറ്റൊരു ഉറപ്പും നൽകാൻ കഴിയില്ല.' ഡോക്ടർ പറഞ്ഞു.

സാറിനെ പാലിയേറ്റീവ് കെയറിലേക്കു മാറ്റാൻ തീരുമാനിച്ചു. നല്ലൊരു റൂം സാറിനുവേണ്ടി അവർ സജ്ജീകരിച്ചു. പുറത്ത് ഒരു സെക്യൂരിറ്റിയെ നിർത്തുകയും ചെയ്തു.

ഡിസംബർ 9 മുതൽ ജനുവരി 24 വരെ ഹോസ്പിറ്റലിൽ നടന്ന സംഭവങ്ങൾ വിവരിക്കുകയാണെങ്കിൽ ഒരു പുസ്തകം തന്നെ എഴുതേണ്ടിവരും. ഫോൺ കോളുകളുടെ ബഹളമായിരുന്നു. സാഹിത്യകാരന്മാർ, രാഷ്ട്രീയക്കാർ, കലാകാരന്മാർ, പത്രക്കാർ, സാധാരണ ജനങ്ങൾ എന്നിവരെക്കൊണ്ട് ആശുപത്രി കൂടുതൽ തിരക്കുള്ളതായി. പത്രപ്രതിനിധികളും ചാനലുകാരും എപ്പോഴും ഉണ്ടായിരുന്നു.

വിവാദങ്ങളിലെ പ്രധാനികൾ സാറിനെ കാണാൻ വന്നു തുടങ്ങി. വെള്ളാപ്പള്ളിയും ഭാര്യയും വന്നു. സാറിനെ കണ്ടതും വെള്ളാപ്പള്ളിയുടെ കണ്ണുകൾ നിറഞ്ഞു. സാറുമായി പിണങ്ങിനിൽക്കുന്ന എല്ലാവരുടെയും പിണക്കങ്ങൾ തീർക്കണമെന്ന് എനിക്കു തോന്നി.

വി.എസ്.അച്യുതാനന്ദൻ, സാനുമാഷ്, ടി.പത്മനാഭൻ അങ്ങനെ സാറുമായി പിണങ്ങിവർ സാറിനെ കാണുവാനായി വന്നു. ലിപി പബ്ലിക്കേഷൻസ് സാറിന്റെ ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നുണ്ടായിരുന്നു. ലിപിയിൽ നിന്നും അക്ബർ വിളിച്ചു. പുസ്തകം ആരെക്കൊണ്ട് പ്രകാശനം ചെയ്യും. ഞാൻ എ.കെ.ആന്റണി സാറിനെ ഫോണിൽ വിളിച്ചു. സാറിനെ കാണുവാൻ അദ്ദേഹം വരാനിരിക്കുകയായിരുന്നു. ദിവസം തീരുമാനിച്ചു.

ഞാനും രമച്ചേച്ചിയും പാലിയേറ്റീവ് കെയറിലെ സ്റ്റാഫും റൂമിലുണ്ടായിരുന്നു. അപ്പോഴാണ് സാറിന്റെ ഉറക്കെയുള്ള പ്രസംഗം കേൾക്കുന്നത്. വെറും വിചാരമാണോ എന്നു ഞാൻ വിചാരിച്ചു. സാർ പറയുന്ന വിഷയം ആന്റണി സാറിനെക്കുറിച്ചായിരുന്നു. 'ഹിമാലയം മഞ്ഞുതുള്ളിയെ കാണാൻ വരുന്നു' എന്നാണ് സാർ പറഞ്ഞത്. പിറ്റേന്ന് ഞാൻ സാറിനോട് ചോദിച്ചു. 'എന്തോ ഉറക്കത്തിൽ പ്രസംഗിക്കുന്നുണ്ടായിരുന്നുവല്ലോ.'

'ഉറക്കത്തിലായിരുന്നില്ല. ആന്റണി വരുന്നതിനെക്കുറിച്ച് പ്രസംഗം തയ്യാറാക്കുകയായിരുന്നു.'

'ഹിമാലയത്തോളമുണ്ടോ ആന്റണി സാർ?'

'പിന്നല്ലാതെ, രാഷ്ട്രീയത്തിൽ അദ്ദേഹം ഒരു ഹിമാലയം തന്നെയാണ്.'

ആത്മകഥയുടെ പ്രകാശനം ബഹുമാനപ്പെട്ട എ.കെ.ആന്റണി സാർ നിർവ്വഹിച്ചു.

അമല ആശുപത്രിയിൽ സാറിന്റെ റൂം ഒരു സാംസ്കാരിക കേന്ദ്രമാകുകയായിരുന്നു. മമ്മൂട്ടിയെക്കുറിച്ചുള്ള 'നക്ഷത്രങ്ങളുടെ രാജകുമാരൻ' എന്ന പുസ്തകം സാർ പ്രകാശനം ചെയ്തു. അങ്ങനെ ഒരുപാട് പരിപാടികൾ അവിടെവച്ചു നടന്നു.

സാറിന്റെ വക്കീൽ ലീനാ ജയസൂര്യ കാണാൻ വന്നു. മോഹൻ ലാലിന്റെ വക്കീൽ എന്നെ വിളിച്ചിരുന്നു. മോഹൻലാൽ സാറിനെ കാണാൻ വരുന്നുവെന്ന് പറഞ്ഞു. ഞാനും രണ്ടു വക്കീലന്മാരും ഇരുന്ന് സംസാരിച്ചു. എല്ലാവരും സാറിന്റെ അടുത്തുവന്ന് പിണക്കങ്ങളും പരിഭവങ്ങളും മാറ്റി. അതുകൊണ്ടുതന്നെ ഈ കേസ് മുന്നോട്ടുകൊണ്ടുപോകാതെ ഒത്തുതീർപ്പാക്കണം. ഇതു കേട്ടതും മോഹൻലാലിന്റെ വക്കീലിനു സന്തോഷമായി. അഴീക്കോട് സാറും, വക്കീലുമായി സംസാരിച്ച് പേപ്പർ സൈൻ ചെയ്ത് വക്കീലിനു കൈമാറി. അവിടെവെച്ചുതന്നെ മാധ്യമപ്രവർത്തകരോട് കാര്യങ്ങൾ അവതരിപ്പിച്ചു. അന്ന് രാത്രിയിൽ മോഹൻലാലിന്റെ അമ്മ വിളിച്ചു. മോഹൻലാൽ വിദേശത്തുനിന്നും വന്നാലുടൻ സാറിനെ കാണാൻ വരുമെന്ന് പറഞ്ഞു.

ഒരുദിവസം രാവിലെ എട്ടുമണിയോടുകൂടി എന്റെ ഫോണിലേക്ക് ഒരു കോൾ വന്നു. അത് വിലാസിനി ടീച്ചറിന്റേതായിരുന്നു. ആശുപത്രി ഗേയ്റ്റിനടുത്തുനിന്നുമാണ് വിളിക്കുന്നത്.

ആദ്യമായിട്ടാണ് ആ ശബ്ദം കേൾക്കുന്നത്. സാറിനെ കാണണം. അതാണാവശ്യം.

ഒരു സ്ത്രീ നാല്പത്തിയഞ്ചു വർഷം കാത്തിരിക്കുകയും അഴീക്കോട് സാറിനെ മാത്രം ഭർത്തൃസ്ഥാനത്ത് ധ്യാനിക്കുകയും ചെയ്ത വിലാസിനി ടീച്ചർ സാറിനെ കാണാൻ ആഗ്രഹിക്കുമ്പോൾ അത് തിരസ്കരിക്കാൻ കഴിയുന്നതെങ്ങനെയാണ്. അത് സ്ത്രീ സമൂഹത്തോടു ചെയ്യുന്ന അനീതിയാണ് എന്ന് എനിക്കു തോന്നി. സാറിനെ കാണാൻ സമ്മതിച്ചു. ഇരുപതുമിനിറ്റോളം അവർ സംസാരിച്ചു. പഴയ ഓർമ്മകൾ പലതും പങ്കുവെച്ചു. സാറിനെ കാണുവാൻ വിലാസിനി ടീച്ചറിനെ സമ്മതിച്ചതിന്റെ പേരിൽ അഴീക്കോട് ട്രസ്റ്റും ബന്ധുക്കളും എന്റെ ശത്രുക്കളായി. എനിക്ക് ഇപ്പോഴും കുറ്റബോധം തോന്നുന്നില്ല. ഞാൻ ചെയ്തതു ശരിയാണെന്ന് എനിക്കു തോന്നി.

മുല്ലപ്പെരിയാർ ഡാം വിഷയം ഉണ്ടായത് ആ സമയത്തായിരുന്നു. മുല്ലപ്പെരിയാർ സമര സമിതിക്കാർ സാറിനെ കാണുവാൻ വന്നു. പത്രക്കാരും ഉണ്ടായിരുന്നു. സഖാവ് പിണറായി വിജയനും ഭാര്യയും ആശുപത്രിയിൽ ഉണ്ടായിരുന്നു. എന്റെ അസുഖം മാറിയില്ലെങ്കിലും മുല്ലപ്പെരിയാറിന്റെ അസുഖം മാറിയാൽ മതി എന്നായിരുന്നു സാറിന്റെ പ്രതികരണം. പിറ്റേദിവസം പത്രം വായിച്ച ഓരോ മനസ്സും തേങ്ങിയിട്ടുണ്ടാവും. ജനുവരി 20ന് സാറിന്റെ നാഡിമിടിപ്പ് കുറഞ്ഞുകൊണ്ടേയിരുന്നു. കിഡ്നിയുടെ പ്രവർത്തനം തകരാറിലായി. മരുന്നിന്റെ ഡോസ് സാറിനെ എപ്പോഴും മയക്കത്തിലേക്ക് വീഴ്ത്തി. അപ്പോഴും സാറിനെ കാണാൻ ജനങ്ങൾ വന്നുകൊണ്ടിരുന്നു. റൂമിലേക്കുള്ള പ്രവേശനം തടസ്സപ്പെട്ടു. എന്റെ ധൈര്യം ചോർന്നുപൊയ്ക്കൊണ്ടിരുന്നു. 2012 ജനുവരി 23ന് രാവിലെ മോഹൻലാലിന് ആശുപത്രിയിൽ വരുവാൻ താല്പര്യമുണ്ടെന്നു മാതൃഭൂമി ഡെപ്യൂട്ടി ഡയറക്ടർ എൻ.പി.സുരേന്ദ്രൻ അറിയിച്ചു. ആ സമയത്ത് സാറിന് ഓക്സിജൻ കൊടുക്കുന്നുണ്ടായിരുന്നു. ഈ സമയത്ത് സാറിനെ കാണാൻ സമ്മതിക്കില്ലെന്നു പറഞ്ഞു. എസ്.പി.വിജയൻ വിളിച്ചു. അഴീക്കോട് സാർ ഒരുപക്ഷെ മോഹൻലാൽ വരാൻ വേണ്ടി കാത്തുകിടക്കുകയാണോ എന്ന് എനിക്കു തോന്നി. രാത്രി പത്തര ആയപ്പോഴേക്കും മോഹൻലാൽ വന്നു. എസ്.പി.വിജയൻസാറും, മാതൃഭൂമി ഡെപ്യൂട്ടി ഡയറക്ടർ എൻ.പി. സുരേന്ദ്രനും ഉണ്ടായിരുന്നു. മോഹൻലാൽ അദ്ദേഹത്തിന്റെ കാൽ തൊട്ടുവന്ദിച്ചു. രണ്ടുമിനിട്ട് കണ്ണടച്ചു നിന്നു. പുറത്ത് പത്രക്കാരുടെയും ചാനലുകാരുടെയും ബഹളമായിരുന്നു. അന്ന് സാറിന്റെ നില ഗുരുതരമായിരുന്നു. 2012 ജനുവരി 24ന് രാവിലെ 6 മണിയായപ്പോൾ സാർ പതുക്കെ കണ്ണുതുറന്നു. എല്ലാവരേയും നോക്കി. ഒരുനിമിഷം അങ്ങനെ തന്നെ നിന്നു. അതുകഴിഞ്ഞപ്പോൾ ആ കണ്ണുകൾ പതുക്കെ അടയാൻ തുടങ്ങി. വീണ്ടും തുറക്കാത്തവിധം ആ കണ്ണുകൾ അടഞ്ഞു. ഒരു കൊച്ചുകുട്ടി ഉറങ്ങുന്നതുപോലെ.

അഴീക്കോട് സാർ മരിച്ചിട്ട് ഇത് മൂന്നാമത്തെ വർഷം. ഈ അടുത്തസമയത്ത് എനിക്ക് ഒരു പനി വന്നു. മുറിയിൽ ഞാൻ അനാഥനെപ്പോലെ കിടക്കുകയായിരുന്നു. സാർ നെറ്റിയിൽ വന്ന് തലോടുന്നതുപോലെ തോന്നി. ഞാൻ വിയർത്തു കുളിച്ചിരുന്നു. ഞാൻ ഞെട്ടിയുണർന്നു. സമയം രാത്രി രണ്ടു മണി. സാറിന്റെ മണം എന്റെ മുറിയിൽ തങ്ങിനിന്നിരുന്നു.